വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2020
സെപ്റ്റംബർ

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## നൂറുദിനം, നൂറു പദ്ധതികൾ : മുഖ്യമന്ത്രി

## രണ്ടാം കയർ പുനഃസംഘടന: സഹകരണ സംഘങ്ങൾ ഇനി യന്ത്രവത്കൃത ഫാക്ടറികൾ

## കയർഫെഡ് 41–ാം വയസിലേക്ക്

ആശംസകളോടെ...

# PYNADATH DEFIBERING UNIT

ALPARA P.O., KANNARA
THRISSUR-680652
Mob: 9447437296, 9496350154

FIRST
First Quality
QUALITY

**Our Products : COIR, COIR FIBRE & COIR PITH**

ആശംസകളോടെ...

## Global Fibre

ALL KINDS OF COCONUT RAW MATERIALS

Chathankavu, Vertdyak
Peringalam Road
Kunnamangalam
Kozhikode - 673 571

9446 579 323, 740 325 3003

Globalfibrecalicut@gmail.com

ആശംസകളോടെ...

# NA FIBRE

Tirur, Pookaitha Ph: 9846813681

ആശംസകളോടെ...

# Quality
## DF UNIT

Kasaragod, Ph: 7025952067

**കയർ വ്യവസായം**

# ഉള്ളടക്കം

**Vol-4, No.-2**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**



**കരുത്തുള്ള സർക്കാർ കരുതലുള്ള സർക്കാർ**
PAGE 10

PAGE 14



**കയർഫെഡ് കയർവ്യവസായത്തിന്റെ ശക്തിസ്രോതസ്**

PAGE 19



**കയർപിരിസംഘങ്ങൾ ഇനി യന്ത്രവത്കൃത ഫാക്ടറികൾ**

PAGE 24



**കേരളത്തിലെ കയർത്തൊഴിലാളി സംഘടനയുടെ ആദ്യനാളുകൾ**

PAGE 30



**മാറുന്ന കയർ വ്യവസായം മാറേണ്ട ധാരണകൾ**

**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**

कयर बोर्ड COIR BOARD

सूक्ष्म, लघु और मध्यम उद्यम मंत्रालय, भारत सरकार ,कयर हाउस, एम.जी.रोड, कोच्ची-682016, केरल
Ministry of Micro, Small & Medium Enterprises, Govt. of India Coir House, M.G.Road, Kochi-682016, Kerala

Sudhir Garg
Additional Dev. Commissioner &
Joint Secretary (ARI) Chairman, Coir Board

Dated 17-09-2020

## MESSAGE



It gives me great pleasure to know that the Kerala State Co-operative Coir Marketing Federation (Coirfed) has decided to bring out the 'Coir Vyavasayam' magazine again. It is only befitting that the magazine will bring forth the latest developments in coir industry to the general public.

Being an ecofriendly life style product the demand of quality coir commodities is increasing day by day. The Indian coir is making giant, strides both in the domestic as well as the international markets.

By bringing the new developments to the lime light, we can attract the younger generation to the coir industry.

I wish the 'Coir Vyavasayam' magazine all success.

Sd/-
Sudhir Garg

---

कयर बोर्ड
COIR BOARD

सूक्ष्म,लघु और मध्यम उद्यम मंत्रालय, भारत सरकार
कयर हाउस, एम.जी.रोड, एर्णाकुलम, कोचीन-682016

Ministry of MSME, Government of India
Coir House, M.G.Road, Ernakulam, Cochin - 682016

Tel:(O) 0484-2372676, 2351807
Fax: 0091 484-2354397
Email: secretary@coirboard.org
mkraja66@yahoo.co.in
web: www.coirboard.gov.in

एम. कुमार राजा
सचिव
M.Kumara Raja
Secretary



## MESSAGE

I am happy to learn that the Kerala State Co-operative Coir Marketing Federation Ltd. (Coirfed) has decided to publish the magazine 'Kayar vyavasayam' again. I am also glad that this magazine will provide information on the latest developments in coir industry to the general public. It is the need of the hour that we should attract the younger generation to the coir industry. Of course, the useful articles on coir and coir related activities will attract everyone.

Being 100% natural, ecofriendly and biodegradable, the golden fibre coir earn valuable foreign exchange and also have a very good potential in the domestic market too.

I wish the publication all success.

M. Kumararaja

ADDITIONAL DIRECTOR OF COIR DEVELOPMENT

Directorate of Coir Development
Nandavanam, Palayam
Thiruvananthapuram - 695 003

Phone | Office : 0471-2322046
0471-2322287
Fax : 0471/2330370

Website: www.coir.kerala.gov.in
E-mail: directorate@coir.kerala.gov.in
coirdirector@yahoo.com



# സന്ദേശം

**Date: 26-08-2020**

**പ**രമ്പരാഗത വ്യവസായങ്ങളിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്ന കയർ മേഖല ഇന്ന് വിപ്ലവകരമായ വളർച്ചയുടെ പാതയിലാണ്. ചകിരി ഉത്പാദനത്തിൽ തുടങ്ങി വൈവിധ്യമാർന്ന കയറും കയർ ഉത്പന്നങ്ങളും നിർമ്മിക്കുന്നതുവരെയുള്ള സമസ്ത മേഖലയിലും, നൂതനമായ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ യന്ത്രവൽക്കരണവും പരമ്പരാഗത കയർ നിർമ്മാണശൈലിയും ഏകോപിപ്പിച്ചുകൊണ്ട് കയറിന്റെ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പാക്കി വരുന്നു. പരിസ്ഥിതി സൗഹൃദ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള വികസന കാഴ്ചപ്പാടുകളുള്ള ഈ കാലഘട്ടത്തിൽ പ്രകൃതിയുമായി യോജിച്ചു നിൽക്കുന്ന കയർ ഉത്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ സാമൂഹിക അവബോധം സൃഷ്ടിക്കപ്പെടേണ്ടതായിട്ടുണ്ട്. കയർ മേഖലയുടെ പ്രവർത്തനങ്ങൾ, പുരോഗമന ആശയങ്ങൾ, പദ്ധതികൾ മുതലായവ സഹകാരികളുടേയും പൊതുജനത്തിന്റെയും അറിവിലേക്ക് എത്തിക്കുവാനായുള്ള കയർഫെഡിന്റെ ഉദ്യമമായ 'കയർ വ്യവസായം' മാസികയുടെ പുനഃപ്രസിദ്ധീകരണം നടത്തുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു.

ഇപ്രകാരമൊരു മാസിക പ്രസിദ്ധീകരിക്കുന്നതിന് മുൻകൈയെടുത്ത കയർഫെഡിനോടുള്ള നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം 'കയർ വ്യവസായം' മാസികയ്ക്ക് കയർ വികസന ഡയറക്ടറേറ്റിന്റെ ഭാഗത്തുനിന്നും എല്ലാവിധ പിന്തുണയും ഉറപ്പു നൽകുന്നു.

Pradeep

**കെ.എസ്. പ്രദീപ്കുമാർ**
കയർ വികസന ഡയറക്ടർ (i/c)

**ഡി.സുരേഷ്കുമാർ**
മുൻ പ്രസിഡന്റ്,
കയർഫെഡ്

അഞ്ജനം
പൂതക്കുളം.പി.ഒ, കൊല്ലം
ഫോൺ-0474-2516040
മൊ-9495095886

## ആശംസ



**ക**യർമേഖലയിൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി യന്ത്രവത്ക്കരണ നടപടിയുമായി മുന്നോട്ട് പോകുന്ന സന്ദർഭത്തിൽ കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

**ഡി.സുരേഷ്കുമാർ**

17-09-2020

---

**S. BAHULEYAN**
**Anitha Bhavan**
**Pattanakad P.O**
**Cherthala**

Ph: 0478-2595588
9446015589

Date : 08-09-2020

## സന്ദേശം



**ക**യർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കാൻ താങ്കൾ മുൻകൈയെടുത്തതിൽ ഹാർദ്ദമായ അഭിനന്ദനങ്ങൾ. സംസ്ഥാനത്തെ പ്രൈമറി കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായ കയർഫെഡ് കയർ വ്യവസായത്തിലെ ഏറ്റവും വലിയ പൊതുമേഖല സ്ഥാപനമായതിൽ അതിയായ സന്തോഷം പങ്കുവയ്ക്കുന്നു. 'കയർ വ്യവസായം' മാസിക രാജ്യത്തും വിദേശത്തും കയറും കയർ ഉത്പന്നങ്ങളുടെയും വിപണി വിപുലീകരിക്കുന്നതിനും കയർ കേരളയുടെ പ്രചരണത്തിനും ഉപകരിക്കട്ടേയെന്നാശംസിക്കുന്നു. 'കയർവ്യവസായം' മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

**എസ്. ബാഹുലേയൻ**
മുൻ പ്രസിഡന്റ്, കയർഫെഡ്

**എസ്.എൽ.സജികുമാർ**
മുൻ പ്രസിഡന്റ്,
കയർഫെഡ്

ദർശനം, ചെറുമൂട്
വെള്ളിമൺ.പി.ഒ
കൊല്ലം
ഫോൺ-8075897725

## ആശംസ



**കേ**രളത്തിന്റെ തീരദേശമേഖലയുടെ സാമൂഹ്യ-സാമ്പത്തിക രംഗത്ത് നിർണ്ണായക പങ്ക് വഹിക്കുന്ന 'കയർവ്യവസായം' ഇന്ന് രണ്ടാം കയർ പുനഃസംഘടനയുടെ ഊർജ്ജിത പന്ഥാവിലൂടെ കടന്നുപോകുകയാണ്. രണ്ട് പതിറ്റാണ്ട് മുൻപ് ഞാൻ കൂടി അംഗമായ ഭരണസമിതിയുടെ കാലത്താണ് കയർ വ്യവസായം മാസിക പ്രസിദ്ധീകരണം ആരംഭിച്ചതെന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

കയർ മേഖലയിൽ രണ്ടാം കയർ പുനഃസംഘടന പദ്ധതിയുടെ ഭാഗമായി യന്ത്രവൽക്കരണ നടപടികൾ ഊർജ്ജിതമായി മുന്നേറുന്ന ഈ സന്ദർഭത്തിൽ കയർവ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്.

എല്ലാ ഭാവുകങ്ങളും നേരുന്നു
സ്നേഹപൂർവ്വം

**എസ്.എൽ.സജികുമാർ**

---

**കെ.എം. രാജു**
കൊച്ചാര്യാട്ട്
നങ്ങ്യാർകുളങ്ങര പി.ഒ
ഫോൺ: 9747171000

തീയതി: 12-09-2020

## സന്ദേശം



**കേ**രളത്തിലെ കയർ ഉത്പാദന-വിപണന രംഗത്തെ ചലനങ്ങളുമായി ഒരു ഉണർത്തുപാട്ടുപോലെ ചകിരി-കയർ മേഖലയായ കേരളത്തിന്റെ കായൽ കരകളിലും കടലോരങ്ങളിലും തുടിപ്പുകൊട്ടായി മാറിയിരുന്ന 'കയർവ്യവസായം' എന്ന മാസിക പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു.

കയർ തൊഴിലാളികളുടെ കരവിരുതിൽ വിരിയുന്ന ഉത്പന്നങ്ങൾ വിദേശനാണ്യമാകുമ്പോൾ, തൊഴിലാളി ജീവിതങ്ങളുടെ ഒരു നേർക്കാഴ്ചയായി വിദേശങ്ങളിലടക്കം ഈ 'കയർവ്യവസായം' മാസിക നാളെകളിൽ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുവാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു

സ്നേഹപൂർവ്വം

K. M. Raju

**കെ.എം. രാജു**
**മുൻ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി**
**കൺവീനർ, കയർഫെഡ്**





# എഡിറ്റോറിയൽ

എഡിറ്റോറിയൽ

ഒന്നാം കയർ പുനഃസംഘടനാ പദ്ധതിയുമായി ബന്ധപ്പെട്ടാണല്ലോ കയർ ഫെഡ് സ്ഥാപിതമായത്. രണ്ടാം കയർ പുനഃസംഘടനാ പദ്ധതി വിജയകര മാക്കുന്നതിനും കയർഫെഡിനും സഹകരണ സംഘങ്ങൾക്കും അതിന്റെ ഉത്തരവാദിത്വം നിർവഹിക്കാൻ കഴിയണം.

രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ അവിഭാജ്യഭാഗം യന്ത്രവൽക്കര ണവും സാങ്കേതിക നവീകരണവും ആണ്. അറുപതുകളിലും എഴു പതുകളിലും യന്ത്രവൽക്കരണ നീക്കങ്ങൾക്കെതിരെ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ തൊഴിലാളി സംഘടനകളും അതിന്റെ നേതാക്കൻമാരും ഇപ്പോഴും പഴി കേൾക്കുന്നുണ്ട്. അതിന്റെ യാഥാർത്ഥ്യം എന്താണെന്നു വ്യക്തമാക്കാം.

സംസ്ഥാന രൂപീകരണ സമയത്ത് കേരളത്തിൽ ഏകദേശം 220 വില്ലേജു കളിലായി ഉദ്ദേശം 10 ലക്ഷത്തോളം തൊഴിലാളികൾ കയർ വ്യവസായത്തിൽ പണിയെടുത്തിരിക്കുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. അക്കാലത്ത് തീരദേശമേഖലയിൽ മത്സ്യബന്ധനവും കയർ വ്യവസായവും അല്ലാതെ ജീവനോപാധിയായി മറ്റൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് വൻതോതിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന യന്ത്രവൽക്കരണ നീക്കങ്ങളെ അക്കാലത്ത് തൊഴിലാളി യൂണിയനുകൾ ശക്തമായി എതിർത്തുപോന്നത്. മാത്രമല്ല അന്ന് യന്ത്രവൽക്കരണത്തിന് മുറവിളി കൂട്ടിയത് ലാഭക്കൊതി പൂണ്ട മുതലാളിമാരാണെന്ന കാര്യവും വിസ്മരിച്ചുകൂടാ.

എഴുപതുകളുടെ അവസാനം വരെ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഒരു പദ്ധതി നിർദ്ദേശത്തിലും കയർമേഖലയിൽ നിയ ന്ത്രിത യന്ത്രവൽക്കരണത്തിനുള്ള ഒരു നിർദ്ദേശവും ഉൾപ്പെട്ടിരുന്നില്ലെന്ന കാര്യം കൂടി ഓർക്കേണ്ടതുണ്ട്. 1974 ൽ കേന്ദ്ര സർക്കാർ നിയോഗിച്ച, പ്ലാനിംഗ് കമ്മീഷൻ അംഗം ശ്രീ.ബി.ശിവരാമൻ കമ്മീഷൻ, തൊഴിലാളികൾ കൂടുതലുള്ള തിനാൽ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കരുതെന്നും അതു തൊഴി ലില്ലായ്മ സൃഷ്ടിക്കുമെന്നും അഭിപ്രായപ്പെട്ടത് ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്.

എന്നാൽ എൺപതുകളുടെ അവസാനത്തോടെ സ്ഥിതി മാറി. കാലഹ രണപ്പെട്ട ഉൽപ്പാദന രീതിയോട് വിമുഖത പുലർത്തി അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ കയർ വ്യവസായത്തിലേക്ക് കടന്നു വരാതാകുകയും പ്രായ

മായ തൊഴിലാളികൾ പെൻഷൻ വാങ്ങി വ്യവസായത്തിൽ നിന്ന് വിരമിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് 1987 ലെ നായനാർ സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീമതി.കെ.ആർ.ഗൗരിയമ്മയുടെ കാലത്ത് കയർ തൊഴിലാളി സെൻസസ് നടത്തിയത്. 3.83 ലക്ഷം തൊഴിലാളികൾ മാത്രമാണ് കയർ വ്യവസായത്തിൽ അവശേഷിക്കുന്നതെന്ന് ഈ സെൻസസിലൂടെ കണ്ടെത്തി. ഇതിനെ തുടർന്നാണ് വ്യവസായത്തെ സമഗ്രമായി പരിശോധിച്ച് നവീകരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ.ടി.എം.തോമസ് ഐസക്ക് അദ്ധ്യക്ഷനായ സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ നിയോഗിക്കുന്നതും ആ സമിതി വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പാക്കണമെന്ന ശുപാർശ നൽകുന്നതും.

വിവിധ തൊഴിലാളി സംഘടനകളെ പ്രതിനിധികരിച്ച് സമിതിയിൽ അംഗങ്ങളായ ശ്രീമതി. സുശീല ഗോപാലൻ, ശ്രീ. ആനത്തലവട്ടം ആനന്ദൻ, ശ്രീ. എം.റ്റി.ചന്ദ്രസേനൻ, ശ്രീ. റ്റി.കെ. സദാനന്ദൻ തുടങ്ങിയ തൊഴിലാളി സംഘടനാ നേതാക്കൻമാരുടെ അഭിപ്രായ സമന്വയത്തോടെയാണ് ഈ നിർദ്ദേശം സമിതി സർക്കാരിന് സമർപ്പിക്കുന്നത്. ചുരുക്കത്തിൽ കേരളത്തിലെ കയർ വ്യവസായത്തിൽ യന്ത്രവൽക്കരണ നിർദ്ദേശം ഔദ്യോഗികമായി ആദ്യം സർക്കാരിന് സമർപ്പിക്കുന്നത് തൊഴിലാളി സംഘടനാ നേതാക്കൻമാരാണെന്നുള്ള കാര്യം സൗകര്യപൂർവ്വം വിമർശകർ മറച്ചുവെയ്ക്കുകയാണ്.

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് നടപ്പാക്കിയ ഐ.സി.ഡി.പി പദ്ധതി യന്ത്രസാമഗ്രികളുടെ ഗുണനിലവാരമില്ലായ്മ കാരണം വിജയിച്ചില്ല. അതിന്റെ ഉത്തരവാദിത്വം തൊഴിലാളി സംഘടനകളുടെ തലയിൽ കെട്ടിവെയ്ക്കേണ്ടതില്ല. ഈ പശ്ചാത്തലത്തിലാണ് വി.എസ് സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ.ജി.സുധാകരൻ, ആനത്തലവട്ടം ആനന്ദൻ അദ്ധ്യക്ഷനായി കയർ കമ്മീഷനെ നിയോഗിക്കുന്നത്. ആനത്തലവട്ടം ആനന്ദൻ കമ്മീഷനാണ് ആലപ്പുഴയിൽ ഒരു ആധുനിക യന്ത്രനിർമ്മാണ ഫാക്ടറി പൊതു ഉടമസ്ഥതയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചാൽ മാത്രമേ വ്യവസായത്തിൽ കുറ്റമറ്റ നിലയിൽ യന്ത്രവൽക്കരണം സാധ്യമാകൂവെന്ന് ശുപാർശ ചെയ്തത്.

ഈ ശുപാർശ അംഗീകരിച്ച് അന്നത്തെ സർക്കാർ ഫാക്ടറി നിർമ്മാണവുമായി മുന്നോട്ട് പോയി. 2016 ൽ അധികാരത്തിൽ വന്ന പിണറായി സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല ഏറ്റെടുത്ത ഡോ.ടി.എം.തോമസ് ഐസക്ക് വ്യക്തമായ ദിശാബോധത്തോടെ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി പ്രഖ്യാപിക്കുമ്പോൾ സാങ്കേതിക നവീകരണ പ്രവർത്തനങ്ങൾക്ക് ശക്തിപകരുവാൻ അഡ്വ.കെ.പ്രസാദിന്റെ നേതൃത്വത്തിലുള്ള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി സുസജ്ജമായിക്കഴിഞ്ഞിരുന്നു.

> **വലിയതോതിൽ തൊഴിലില്ലായ്മ സൃഷ്ടിച്ച് മുതലാളിമാരുടെ ലാഭം ഉയർത്താനാണ് അരനൂറ്റാണ്ട് മുമ്പ് കയർ വ്യവസായത്തിൽ യന്ത്രവൽക്കരണത്തിന് ചിലർ മുറവിളി ഉയർത്തിയതെങ്കിൽ, കയറിന്റെ വില വർദ്ധിപ്പിക്കാതെ ഉൽപ്പാദനക്ഷമത ഉയർത്തി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗുണമേൻമ ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് ഇപ്പോൾ തൊഴിലാളി സഹകരണ സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ അടക്കം സ്ഥാപിച്ച് യന്ത്രവൽക്കരണം നടപ്പാക്കുന്നത്.**

വലിയതോതിൽ തൊഴിലില്ലായ്മ സൃഷ്ടിച്ച് മുതലാളിമാരുടെ ലാഭം ഉയർത്താനാണ് അരനൂറ്റാണ്ട് മുമ്പ് കയർ വ്യവസായത്തിൽ യന്ത്രവൽക്കരണത്തിന് ചിലർ മുറവിളി ഉയർത്തിയതെങ്കിൽ, കയറിന്റെ വില വർദ്ധിപ്പിക്കാതെ ഉൽപ്പാദനക്ഷമത ഉയർത്തി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗുണമേൻമ ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് ഇപ്പോൾ തൊഴിലാളി സഹകരണ സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ അടക്കം സ്ഥാപിച്ച് യന്ത്രവൽക്കരണം നടപ്പാക്കുന്നത്. ഈ നയവ്യത്യാസം മനസ്സിലാക്കി യന്ത്രവൽക്കരണ നീക്കങ്ങളെ തൊഴിലാളി സംഘടനകളും കേരളത്തിലെ കയർ സഹകരണ പ്രസ്ഥാനവും അകമഴിഞ്ഞ് സ്വാഗതം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.



**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



# കരുത്തുള്ള സർക്കാർ കരുതലുള്ള സർക്കാർ

## നൂറിന – നൂറുദിന പരിപാടിയെക്കുറിച്ച് മുഖ്യമന്ത്രി

100 ദിന പരിപാടികൾ

**ലോ**കം മുഴുവൻ കോവിഡ് എന്ന മഹാമാരിക്കെതിരായ യുദ്ധത്തിലാണ്. ഈ യുദ്ധത്തിൽ വികസിത രാജ്യങ്ങൾക്കുപോലും ഒരു മാതൃകയാകാൻ നമ്മുടെ ഈ കൊച്ചു സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാലും പകർച്ചവ്യാധി നമ്മുടെ സമൂഹത്തിലും സമ്പദ്ഘടനയിലും ഗൗരവമായ തകർച്ച സൃഷ്ടിച്ചിട്ടുണ്ട്. ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ ഊർജസ്വലമായി മുന്നേറുമ്പോഴാണ് ഈ മഹാവ്യാധി നേരിടേണ്ടിവന്നത്. അതിനുമുമ്പ് പ്രകൃതിദുരന്തങ്ങളും നാം നേരിട്ടു. അതുമൂലം വേഗം കുറഞ്ഞ പ്രവർത്തനങ്ങൾ വർദ്ധിതോത്സാഹത്തോടെ മുന്നോട്ടുകൊണ്ടുപോയേ മതിയാകൂ. ഇന്നത്തെ ദുഖപൂർണ്ണമായ കോവിഡ് കാലത്തെ നമ്മൾ മറികടക്കുന്നത് ഇതിനപ്പുറത്ത് സൗഖ്യപൂർണ്ണമായ ഒരു നല്ല കാലമുണ്ട് എന്ന പ്രത്യാശ കൊണ്ടാണ്.

ഇത് സർക്കാരിന്റെ അഞ്ചാം വർഷമാണ്. നാലാം വാർഷികാഘോഷങ്ങൾ  കോവിഡ് സാഹചര്യത്തിൽ ഉപേക്ഷിച്ചിരുന്നു. എന്നാൽ വികസനപ്രവർത്തനങ്ങൾക്ക് അവധി നൽകുന്നില്ല.

### സാധാരണക്കാർക്കുസംരക്ഷണം

ഇനിയുള്ള ദിവസങ്ങളിലും കോവിഡ് 19 ശക്തമായി തുടരുമെന്നതിനാൽ സാധാരണക്കാരായ മനുഷ്യർക്ക് നേരിട്ടുതന്നെ പരമാവധി സമാശ്വാസ സഹായങ്ങൾ എത്തിക്കും. ഒരാളും പട്ടിണികിടക്കാൻ പാടില്ല. പ്രതിസന്ധി ഘട്ടത്തിൽ സർക്കാർ ആവിഷ്കരിച്ച് വളരെയേറെ പ്രശംസ നേടിയ ഭക്ഷ്യക്കിറ്റ് വിതരണം അടുത്ത നാലുമാസം തുടരും. റേഷൻ കടകൾ വഴി ഇപ്പോൾ ചെയ്യുന്നതുപോലെയായിരിക്കും കിറ്റ് വിതരണം.

ഈ സർക്കാരിന്റെ ഏറ്റവും നല്ല പ്രവൃത്തി ഏതെന്നു ചോദിച്ചാൽ ആദ്യം പറയാവുന്ന ഉത്തരം സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്നാണ്. യു.ഡി.എഫ് ഭരണം ഒഴിയുമ്പോൾ 35 ലക്ഷം പേർക്ക് 600 രൂപ നിരക്കിൽ ആയിരുന്നു പെൻഷൻ. അത് പോലും കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചിരുന്നില്ല. നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് പ്രകടന പത്രികയിൽ ജനങ്ങൾക്ക് മുന്നിൽ വച്ച പ്രധാന വാഗ്ദാനമായിരുന്നു സാമൂഹ്യക്ഷേമ പെൻഷനുകളിലെ വർധന. അത് അക്ഷരംപ്രതി പാലിക്കുവാൻ  കഴിഞ്ഞു എന്നതിൽ അത്യധികം അഭിമാനമുണ്ട്. പെൻഷൻ  തുക 600 രൂപയിൽ നിന്ന് 1,000 രൂപയായും തുടർന്ന് 1,200 രൂപയായും 1300 രൂപയായും വർദ്ധിപ്പിച്ചു.

35 ലക്ഷം ഗുണഭോക്താക്കൾ എന്നത് 58 ലക്ഷമാക്കി ഈ സർക്കാരിന്റെ കാലത്ത് വർദ്ധിച്ചു. അർഹരായ 23 ലക്ഷം പേരെ പുതുതായി

പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചു എന്നത് ചെറിയ കാര്യമല്ല. കുടിശികയില്ലാതെ പെൻഷൻ വിതരണം ചെയ്യാനും കഴിയുന്നുണ്ട്. ഇപ്പോൾ ആ രംഗത്ത് രണ്ട് സുപ്ര ധാന തീരുമാനങ്ങൾഎടുക്കുകയാണ്.

ഒന്ന്: സാമൂഹ്യസുരക്ഷാ, ക്ഷേമ പെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിക്കുന്നു.

രണ്ട്: ഇനി പെൻഷൻ മാസംതോറും വിതരണം ചെയ്യും.

## ആരോഗ്യസംരക്ഷണം

കോവിഡിനെതിരെ പൊതു ആരോഗ്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തും. സർക്കാർ ആശുപത്രികളുടെ പശ്ചാത്തലസൗകര്യ വികസനം, മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവയിൽ വലിയ കുതിപ്പാണ് സർക്കാർ കൈവരിച്ചിട്ടുള്ളത്. പകർച്ച വ്യാധി തുടങ്ങിയ തിനുശേഷം നാഷണൽ ഹെൽത്ത് മിഷൻ വഴി 9,768 ആരോഗ്യപ്രവർ ത്തകരെ നിയമിച്ചു. ഇതിനു പുറമെ 1,200 ഹൗസ്സർജന്മാരെയും 1,152 അഡ്ഹോക്ക് ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

ഇനിയും ആവശ്യം വന്നാൽ അടുത്ത 100 ദിവസത്തിനുള്ളിൽ വേണ്ട ജീവനക്കാരെക്കൂടി ആരോഗ്യസംവിധാനത്തിന്റെ ഭാഗമാക്കി മാറ്റും. ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. ടെസ്റ്റുകളുടെ എണ്ണം പ്രതിദിനം അര ലക്ഷം ആയി ഉയർത്തും. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്ര ങ്ങളെ ആശുപത്രിയുടെ സമ്പൂർണ്ണ സൗകര്യമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക സർക്കാരിന്റെ ലക്ഷ്യമാണ്. ഇതുവരെ 386 കുടും ബാരോഗ്യ കേന്ദ്രങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. വരുന്ന നൂറുദിവസങ്ങളിൽ 153 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യും. ഇവിടങ്ങളിൽ രാവിലെയും വൈകുന്നേരവും ഒ.പി ഉണ്ടാകും. മെഡിക്കൽ കോളേജ്/ ജില്ലാ/ ജനറൽ / താലൂക്ക് ആശുപത്രികളുടെ ഭാഗമായി 24 പുതിയ കെട്ടിടങ്ങൾ പൂർത്തീകരിക്കും. 10 പുതിയ ഡയാലിസിസ് കേന്ദ്ര ങ്ങൾ, 9 സ്കാനിംഗ് കേന്ദ്രങ്ങൾ, 3 പുതിയ കാത്ത് ലാബുകൾ, 2 ആധുനിക ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ എന്നിവ പൂർത്തീകരിക്കും.




## പൊതുവിദ്യാലയങ്ങൾ

2021 ജനുവരിയിൽ വിദ്യാലയങ്ങൾ സാധാരണഗതിയിൽ തുറന്നുപ്രവർ ത്തിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സർക്കാർ സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കെട്ടിട നിർമാണം നടക്കുന്നുണ്ട്. ഓരോ സ്കൂളിനും 5 കോടി രൂപ വീതം മുടക്കി നിർമിക്കുന്ന 35 സ്കൂൾ കെട്ടിട ങ്ങളും 3 കോടി രൂപ ചെലവിൽ പണി തീർക്കുന്ന 14 സ്കൂൾ കെട്ടിടങ്ങ ളും 100 ദിവസത്തിനകം ഉദ്ഘാടനം ചെയ്യും. മറ്റ് 27 സ്കൂൾ കെട്ടിടങ്ങളു ടെയും പണി പൂർത്തിയാകും. 250 പുതിയ സ്കൂൾ കെട്ടിടങ്ങളുടെ പണി ആരംഭിക്കും.

45,000 ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റിയിട്ടുണ്ട്. എല്ലാ എൽ.പി സ്കൂളുകളും ഹൈടെക്കാക്കി മാറ്റാനുള്ള പരി പാടി കിഫ്ബി സഹായത്തോടെ പുരോഗമിക്കുകയാണ്. സ്കൂളുകൾ തുറക്കുമ്പോൾ 11,400 സ്കൂളുകളിൽ ഹൈ ടെക് കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കും.

ഫസ്റ്റ്ബെൽ ഓൺലൈൻ അധ്യയന പരിപാടി കേര ളത്തിന് നവീനമായ അനുഭവങ്ങളാണ് നൽകിയത്. കെ.എസ്.എഫ്.ഇയുടെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ അഞ്ചുലക്ഷം കുട്ടികൾക്ക് ലാപ് ടോപ്പുകൾ എത്തിക്കുന്നതിനുള്ള വിദ്യാശ്രീ പദ്ധതി പ്രകാരം 100 ദിവസത്തിനുള്ളിൽ ലാപ്ടോപ്പ് വിതരണം ആരംഭിക്കും.

18 കോടി രൂപയുടെ ചെങ്ങന്നൂർ ഐ.ടി.ഐ അടക്കം നവീകരിച്ച 10 ഐ.ടി.ഐകളുടെ ഉദ്ഘാടനം നിർവ ഹിക്കും.

എ.പി.ജെ അബ്ദുൾകലാം സർവ്വകലാശാല, മലയാളം സർവ്വകലാ ശാല എന്നിവക്ക് സ്ഥിരം കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാ സ്ഥാപനം നടത്തും. 126 കോടി രൂപ മുതൽ മുടക്കിൽ 32 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർമിക്കുന്ന കെട്ടിടങ്ങൾ പൂർത്തീകരിക്കും.

## തൊഴിൽ

ഈ സർക്കാർ നാലുവർഷം കൊണ്ട് 1,41,615 പേർക്ക് തൊഴിൽ നൽകി. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്ക് ഉൾപ്പെടുത്തിയിട്ടില്ല.



പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിനുള്ള പ്രത്യേക ടാസ്ക്ഫോഴ്സിനെ നിയമ-ധന-പൊതുഭരണ വകുപ്പുകളുടെ നേതൃത്വത്തിൽ സൃഷ്ടിക്കും.

നിയമനം പി.എസ്.സിയെ ഏൽപ്പിച്ചാലും സ്പെഷ്യൽ റൂൾസിന്റെ അപാകം മൂലം ഉദ്ദേശ്യം പൂർത്തീകരിക്കാനാവാത്ത സ്ഥിതിയാണ്. ഈ പ്രശ്നം പരിഹരിക്കുക എന്നത് ഉദ്യോഗാർത്ഥികളുടെ ഏറെ നാളായുള്ള ആവശ്യമാണ്. ഈ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസിന് അവസാനരൂപം നൽകും. ടാസ്ക്ക് ഫോഴ്സ് സമയബന്ധിതമായി ഈ വിഷയത്തിന് പരിഹാരം കാണും.

100 ദിവസത്തിനുള്ളിൽ കോളേജ്, ഹയർ സെക്കണ്ടറി മേഖലകളിലായി 1,000 തസ്തികകൾ സൃഷ്ടിക്കും.

100 ദിവസത്തിനുള്ളിൽ 15,000 നവസംരംഭങ്ങളിലൂടെ 50,000 പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകും.

## ഗതാഗതം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 961 കോടി രൂപ മുടക്കി 5,000 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും റീബിൽഡ് കേരളയുടെ ഭാഗമായി 392.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഗ്രാമീണ റോഡുകൾക്കും തുടക്കം കുറിക്കും.

1,451 കോടി രൂപയുടെ 189 പൊതുമരാമത്ത്-കിഫ്ബി റോഡുകൾ ഗതാഗതത്തിന് തുറന്നുകൊടുക്കും. 901 കോടി രൂപയുടെ 158 കിലോമീറ്റർ കെഎസ്ടിപി റോഡുകൾ, കുണ്ടന്നൂർ, വെറ്റില ഫ്ളൈഓവറുകളടക്കം 21 പാലങ്ങൾ എന്നിവയും ഉദ്ഘാടനം ചെയ്യും.

671.26 കോടി രൂപയ്ക്ക് ടെണ്ടർ നല്കിയ 41 കിഫ്ബി പദ്ധതികൾ നവംബറിനകം ഉദ്ഘാടനം ചെയ്യും.

കോവളം-ബേക്കൽ ജലപാതയുടെ 590 കിലോമീറ്ററിൽ 453 കിലോമീറ്റർ ഗതാഗതയോഗ്യമാക്കും. ചമ്പക്കുളം, പറശ്ശിനിക്കടവ്, പഴയങ്ങാടി എന്നിവിടങ്ങളിലെ ബോട്ട് ജെട്ടികളും കല്ലായി, പറമാംമ്പിൽ പാലങ്ങളും പൂർത്തീകരിക്കും.

കൊച്ചി മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി, സെയ്ഫ് കേരള കണ്ട്രോൾ റൂം എന്നിവ ഉദ്ഘാടനം ചെയ്യും. ആദ്യത്തെ ഇലക്ട്രിക് ഹൈബ്രിഡ് ക്രൂയിസ് വെസൽ, രണ്ട് കാറ്റമറൻ ബോട്ടുകൾ, രണ്ട് വാട്ടർ ടാക്സികൾ എന്നിവ നീരണിയും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പോർട്ട് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യും.

## കൃഷി

സുഭിക്ഷ കേരളം പദ്ധതി പച്ചക്കറി ഉത്പാദനത്തിൽ കുതിച്ചുചാട്ടം സൃഷ്ടിച്ചിരിക്കുകയാണ്. അടുത്ത കേരളപ്പിറവി ദിനത്തിൽ 14 ഇനം പച്ചക്കറികൾക്ക് തറവില പ്രഖ്യാപിക്കും.

കൃഷിക്കാർക്ക് തത്സമയം തന്നെ അക്കൗണ്ടിലേക്ക് പണം നൽകും. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷന് കൗൺസിൽ മിച്ച പഞ്ചായത്തുകളിൽ നിന്നും കമ്മിയുള്ള പഞ്ചായത്തുകളിലേക്ക് പച്ചക്കറി നീക്കുന്നതിനുള്ള ചുമതലയെടുക്കും. തറവില നടപ്പാക്കുമ്പോൾ വ്യാപാര നഷ്ടം ഉണ്ടായാൽ നികത്തുന്നതിന് വയബിലിറ്റി ഗ്യാപ്പ് പ്ലാന് ഫണ്ടിൽ നിന്നും നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കും.

രണ്ടാം കുട്ടനാട് വികസന പാക്കേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും. ഇതിന്റെ ഭാഗമായി പുതുക്കിയ കാർഷിക കലണ്ടർ പ്രകാശിപ്പിക്കും. 13 വാട്ടർ ഷെഡ്ഡ് പദ്ധതികൾ പൂർത്തീകരിക്കും.

500 ടെക്നീഷ്യന്മാരുടെ പരിശീലനം പൂർത്തിയാക്കി 500 കേന്ദ്രങ്ങളിൽക്കൂടി ആടുകളുടെ ബീജദാന പദ്ധതി നടപ്പിലാക്കും.

മൺറോതുരുത്തിലും കുട്ടനാട്ടിലും കാലാവസ്ഥ അനുരൂപ കൃഷിരീതി ഉദ്ഘാടനംചെയ്യും.

250 തദ്ദേശഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണ പദവി കൈവരിക്കും



## പരമ്പരാഗതവ്യവസായങ്ങൾ

അടുത്ത 100 ദിവസത്തിനുള്ളിൽ കയർ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 50 ശതമാനം വർദ്ധന നേടും. ഓരോ ദിവസവും ഒരു യന്ത്രവൽകൃത ഫാക്ടറി ഉദ്ഘാടനം ചെയ്യും. തൊഴിലാളികളുടെ കൂലി പരമ്പരാഗത മേഖലയിൽ 350 രൂപയായിരിക്കുന്നത് ഈ യന്ത്രവത്കൃത മേഖലയിൽ ശരാശരി 500 രൂപയായി ഉയരും. കശുവണ്ടി മേഖലയിൽ 3,000 തൊഴിലാളികളെക്കൂടി കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽ തൊഴിൽ നൽകും. പനമ്പ്, കയർ കോമ്പോസിറ്റ് ബോർഡുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിക്കും.

ഓഫ്ഷോർ ബ്രേക്ക് വാട്ടർസംരക്ഷണ ഭിത്തികളുടെ നിർമാണം ആരംഭിക്കും. 35 കിലോമീറ്റർ തീരദേശ കടൽഭിത്തി നിർമാണം നടക്കുന്നുണ്ട്. ചെല്ലാനം തീര സംരക്ഷണ പദ്ധതി പൂർത്തീകരിക്കും. 192 കോടി രൂപയുടെ 140 ഗ്രോയിനുകളുടെ നിർമാണം ആരംഭിക്കും. പുനർഗേഹം പദ്ധതിയിൽ 5000 പേർക്ക് ധനസഹായം നൽകും. മത്സ്യഫെഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കും. ചെത്തി ഹാർബറിനും തീരദേ

ശ പാർക്കിനും തറക്കല്ലിടും. തീരദേശത്തെ മുഴുവൻ സർക്കാർ സ്കൂളുകളുടെയും 60 മത്സ്യമാർക്കറ്റുകളുടെയും പുനർനിർമ്മാണം ആരംഭിക്കും. 69 തീരദേശ റോഡുകൾ ഉദ്ഘാടനംചെയ്യും.

അതിഥിത്തൊഴിലാളികൾക്ക് വാടകയ്ക്ക് താമസ സൗകര്യം ഏർപ്പെടുത്തുന്ന ഗസ്റ്റ്വർക്കർ ഫ്രണ്ട്ലി റസിഡന്റ്സ് ഇൻ കേരള ഉദ്ഘാടനം ചെയ്യും.

### കുടിവെള്ളം

ജലജീവൻ മിഷൻ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കും. 490 കോടി രൂപയുടെ 39 പദ്ധതികൾ ഉദ്ഘാടനം ചെയ്യും. കിഫ്ബി പദ്ധതികൾ 100 ദിവസത്തിനകം ഉദ്ഘാടനം ചെയ്യും. 1.5 ലക്ഷം ആളുകൾക്ക് കുടിവെള്ള കണക്ഷൻ നൽകും.

### വൈദ്യുതി

കോതമംഗലം, ചാലക്കുടി, കലൂർ എന്നീ സബ് സ്റ്റേഷനുകൾ നവംബറിനുള്ളിൽ ഉദ്ഘാടനം ചെയ്യും. പുഗലൂർ-മാടക്കത്തറ ഹൈവോൾട്ടേജ് ഡിസി ലൈൻ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനവും ഈ കാലയളവിൽ നടക്കും.

ഒറ്റപ്പാലം പ്രതിരോധ പാർക്ക്, പാലക്കാട്ടെയും ചേർത്തലയിലെയും മെഗാഫുഡ് പാർക്കുകൾ എന്നിവ തുറക്കും. കേരള സെറാമിക്സിന്റെ നവീകരിച്ച പ്ലാന്റുകൾ, ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ വൈവിധ്യവല്ക്കരണം എന്നിവയും ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം മെഡിക്കൽ ഡിവൈസ് പാർക്ക്, പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, കുണ്ടറ സിറാമിക്സിൽ മൾട്ടി പർപ്പസ് പാർക്ക്, നാടുകാണി ടെക്സ്റ്റയിൽ പ്രോസസിംഗ് സെന്റർ എന്നിവയുടെ നിർമാണം ആരംഭിക്കും.

വിവിധ ജില്ലകളിലായി 66 ടൂറിസം പദ്ധതികൾ 100 ദിവസത്തിനുള്ളിൽ പ്രവർത്തനം തുടങ്ങും. ഇതിൽ വേളി മിനിയേച്ചർ റെയിൽവേ, വെള്ളാളർ ക്രാഫ്റ്റ് വില്ലേജ്, ആലപ്പുഴ മെഗാ ടൂറിസം ഹൗസ്ബോട്ട് ടെർമിനൽ, ചമ്രവട്ടം പുഴയോര സ്നേഹപാത, കോഴിക്കോട് ബീച്ച് കൾച്ചറൽ ഹബ്ബ്, തലശ്ശേരി ടൂറിസം പദ്ധതി ഒന്നാംഘട്ടം എന്നിവ ഉൾപ്പെടുന്നു.



### സ്പോർട്സും സംസ്കാരവും

കൂത്തുപറമ്പ്, ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയങ്ങളടക്കം 10 സ്പോർട്സ് സ്റ്റേഡിയങ്ങൾ ഉദ്ഘാടനം ചെയ്യും. നവീകരിച്ച ആലപ്പുഴയിലെ രാജാകേശവദാസ് സ്വിമ്മിംഗ്പൂൾ തുറന്നുകൊടുക്കും.

കനകക്കുന്നിലെ ശ്രീനാരായണഗുരു പ്രതിമയും, ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരകവും, ആറ് വിവിധ ഗ്യാലറികളും ഉദ്ഘാടനം ചെയ്യും. ആലപ്പുഴയിലെ മ്യൂസിയം പരമ്പരയിൽ ആദ്യത്തേതായി കയർ യാൺ മ്യൂസിയം പൂർത്തിയാകും. എറണാകുളം ടി കെ പത്മിനി ആർട്ട് ഗാലറിയുടെ നിർമാണം ആരംഭിക്കും. ശബരിമലയിൽ 28 കോടി രൂപയുടെ മൂന്നു പദ്ധതികൾ പൂർത്തീകരിക്കും. നിലക്കലെ വാട്ടർ ടാങ്ക് നിർമാണം ആരംഭിക്കും.

### പട്ടികജാതി–പട്ടികവർഗം

പട്ടികജാതി മേഖലയിൽ 6,000 പഠനമുറികൾ, 1000 സ്പിൽ ഓവർ വീടുകൾ, 3000 പേർക്ക് ഭൂമി വാങ്ങാൻ ധനസഹായം, 700 പേർക്ക് പുനരധിവാസ സഹായം, 7000 പേർക്ക് വിവാഹ ധനസഹായം എന്നിവയാണ് ലക്ഷ്യമിടുന്നത്. 5 ഹോസ്റ്റലുകൾ, 4 ഐ.ടി.ഐ.കൾ, 2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നവീകരണം പൂർത്തിയാക്കും. എല്ലാവിധ സ്കോളർഷിപ്പുകളും കുടിശികയില്ലാതെ നൽകും.

പട്ടികവർഗ വികസന വകുപ്പിന്റെ നാല് മെട്രിക് ഹോസ്റ്റലുകൾ പൂർത്തിയാക്കി തുറക്കും. 23 പട്ടികവർഗ കോളനികളിൽ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പരിപാടി നടപ്പിലാക്കും.



### ഭിന്നശേഷിക്കാർ

7027 ഭിന്നശേഷിക്കാർക്ക് കൈവല്യ പദ്ധതിക്കു കീഴിൽ സഹായം നൽകും. സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഈ വർഷത്തെ ഗ്രാന്റ് നവംബർ മാസം നൽകും.

### പാർപ്പിടം

ലൈഫ് മിഷന് പദ്ധതിയുടെ കീഴിൽ ഇതിനകം 2,25,750 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. അടുത്ത 100 ദിവസത്തിനുള്ളിൽ 25,000 വീടുകൾ പൂർത്തിയാക്കും. 30 ഭവനസമുച്ചയങ്ങളുടെ നിർമാണം ആരംഭിക്കും.

### കുടുംബശ്രീ

1,000 ജനകീയ ഹോട്ടലുകൾ പദ്ധതി പൂർത്തീകരിക്കും. 300 കോടി രൂപ പലിശ സബ്സിഡി വിതരണം ചെയ്യും. ഹരിത കർമ്മസേനകളോട് യോജിച്ച് 1000 ഹരിത രംഭങ്ങൾ പൂർത്തീകരി

*(ശേഷം 36-ാം പേജിൽ)*

# കയർഫെഡ് കയർവ്യവസായത്തിന്റെ ശക്തി സ്രോതസ്

## കയർഫെഡ് 41–ാം വയസ്സിലേക്ക്




**അഡ്വ.എൻ. സായികുമാർ**
**പ്രസിഡന്റ്, കയർഫെഡ്**


മലബാറിൽ പ്രവർത്തിച്ചിരുന്ന കോഴിക്കോട് സെൻട്രൽ കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് സൊസൈറ്റി ലി.നം.282, കൊച്ചി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കൊച്ചിൻ സെൻട്രൽ കയർ മാർക്കറ്റിംഗ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.423, തെക്കൻ തിരുവിതാംകൂറിൽ കൊല്ലം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കൊല്ലം സെൻട്രൽ കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് സൊസൈറ്റി ലി.നം.347, ആലപ്പുഴ സെൻട്രൽ കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് സൊസൈറ്റി ലി.നം.1 എന്നീ സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റികളെ സംയോജിപ്പിച്ച് കയർ വികസന ഡയറക്ടറുടെ 07.10.1979–ലെ സി.എസ്.5/14837/77ാം നമ്പർ ഉത്തരവ് പ്രകാരമാണ് കയർഫെഡ് രൂപീകൃതമാകുന്നത്.

തച്ചടി പ്രഭാകരൻ പ്രസിഡന്റും, പി.വിശ്വംഭരൻ വൈസ് പ്രസിഡന്റും, ആനത്തലവട്ടം ആനന്ദൻ, കെ.എ.ബാലൻ, ജി. കാർത്തികേയൻ, വി.എ. പീതാംബരൻ, കെ.പി.നൂറുദ്ദീൻ, റ്റി.എം. ജേക്കബ് , ആർ.സുന്ദരേശൻ നായർ, വി.പി.രാമകൃഷ്ണപിള്ള, ഒ. ലൂക്കോസ്, വി.കെ. കൃഷ്ണൻ റ്റി.വി. കോരൻ, എൻ. ലക്ഷ്മണൻ വൈദ്യൻ, എൻ.എസ്. മന്നാടിയാർ, കെ. കൃഷ്ണൻകുട്ടി നായർ (കയർ ഡയറക്ടർ), റ്റി.കെ. വർഗ്ഗീസ് (മാനേജിംഗ് ഡയറക്ടർ) എന്നിവരടങ്ങിയ 17 അംഗ കമ്മിറ്റിയെ 06.11.1979–ലെ ജി.ഒ. (എം.എസ്.) 1256/79/ഐ.ഡി. -ാം നമ്പർ പ്രകാരം നോമിനേറ്റ് ചെയ്യുകയുണ്ടായി.



തച്ചടി പ്രഭാകരൻ

435 പ്രാഥമിക സഹകരണ സംഘങ്ങളാണ് രൂപീകരണ വേളയിൽ കയർഫെഡിൽ അംഗങ്ങളായി ഉണ്ടായിരുന്നത്. തച്ചടി പ്രഭാകരനെ പ്രസിഡന്റായും പി.വിശ്വംഭരനെ വൈസ് പ്രസിഡന്റായും ആനത്തലവട്ടം ആനന്ദൻ, ജി.കാർത്തികേയൻ എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായും പിന്നീട് തെരഞ്ഞെടുത്തു. എൻ.ലക്ഷ്മണൻ വൈദ്യൻ, വി.കെ.കൃഷ്ണൻ, കെ.എ.ബാലൻ, റ്റി.വി.കോരൻ എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയി ലേയ്ക്കുള്ള പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്തുകയും ചെയ്തു.

കെ.പി.നൂറുദ്ദീൻ മന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തെ ഒഴിവാക്കി പി.രാമകൃഷ്ണനെ കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്തു. സാമുവൽ കുമ്പഴയും റ്റി.കെ.സദാനന്ദനും കമ്മിറ്റിയിലേയ്ക്ക് പിന്നീട് നിയോഗിക്കപ്പെടുകയും കമ്മിറ്റി അംഗമായിരുന്ന ഒ.ലൂക്കോസ് എം.എൽ.എ. 26.09.1980–ൽ രാജി വെക്കുകയും ചെയ്തു. 9 വർഷക്കാലം കയർഫെഡിൽ നോമിനേറ്റ് ഭരണ സമിതിയാണ് പ്രവർത്തിച്ചുവന്നിരുന്നത്.



ആനത്തലവട്ടം ആനന്ദൻ

കയർഫെഡ് ഭരണസമിതിയിലേയ്ക്ക് ആദ്യമായി തെരഞ്ഞെടുപ്പ് നടന്നത് 18.10.1987–ലാണ്. ആനത്തലവട്ടം ആനന്ദൻ, എം.റ്റി. ചന്ദ്രസേനൻ, പി.വിശ്വംഭരൻ, കെ.എ.മുഹമ്മദ്, ആർ.കെ.നാരായണപിള്ള, പി.കെ.വാസവൻ, വി.വി.ഗോപിനാഥൻ, വി.കെ.രാഘവൻ, കമലായം സദാശിവൻ, കെ.വാസുദേവൻ, എം.ജി.ധനപാലൻ, കെ.കെ.സുഖലാൽ, എം.കെ.കണ്ടക്കുട്ടി, സി.കെ.സുകുമാരൻ എന്നിവരാണ് ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചുവന്നത്. 23.10.1987–ൽ ചേർന്ന ഭരണസമിതി പ്രസിഡന്റായി ആനത്തലവട്ടം ആനന്ദനേയും വൈസ് പ്രസിഡന്റായി എം.റ്റി.ചന്ദ്രസേനനെയും തെരഞ്ഞെടുത്തു. ഇവരെ കൂടാതെ പി.വിശ്വംഭരൻ



കെ.പി. നൂറുദ്ദീൻ



റ്റി.എം. ജേക്കബ്



ആർ. സുന്ദരേശൻ നായർ




വി.പി. രാമകൃഷ്ണപിള്ള



പി. വിശ്വംഭരൻ



എം.റ്റി. ചന്ദ്രസേനൻ



ആർ.കെ.നാരായണപിള്ള, പി.കെ.വാസവൻ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് നിയോഗിക്കപ്പെട്ടു.

സഹകരണ സംഘം ഭരണസമിതിയുടെ കാലാവധി മൂന്ന് കൊല്ലമായി ചുരുക്കിക്കൊണ്ട് 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് ഭേദഗതി ചെയ്ത് അന്നത്തെ സംസ്ഥാന സർക്കാർ 07.02.1992-ൽ ഓർഡിനൻസ് പുറപ്പെടുവിച്ച തിനെത്തുടർന്ന് കമ്മിറ്റി പുറത്താക്കപ്പെടുകയും ഏകാംഗ അഡ്മിനിസ്ട്രേറ്ററായി 12.02.1992-ന് എൻ.ബാലകൃഷ്ണൻ നായർ നിയമിക്കപ്പെടുകയും ചെയ്തു. 12.04.1993-നാണ് പിന്നീട് തെരഞ്ഞെടുപ്പ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ ആനത്തലവട്ടം ആനന്ദൻ, എം.റ്റി.ചന്ദ്രസേനൻ, പി.വിശ്വംഭരൻ, ജി.ശിവരാജപിള്ള, കെ.വാസുദേവൻ, ആർ.കെ.നാരായണപിള്ള, പി.തിലോത്തമൻ, കെ.എ.മുഹമ്മദ്, എം.കെ.കണ്ടക്കുട്ടി, കെ.ഉത്തമൻ, പി.എൻ.വിശ്വനാഥൻ, സി.കെ.സുകുമാരൻ, പി.കെ.വാസവൻ, വി.വി.ഗോപിനാഥ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഈ കമ്മിറ്റിയിലേയ്ക്ക് സർക്കാർ നോമിനികളായി പെരിനാട് തുളസിയും കെ. വെളത്തമ്പുവും നിയമിതരായി. പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും വൈസ് പ്രസിഡന്റായി എം.റ്റി.ചന്ദ്രസേനനും തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് പി.വിശ്വംഭരൻ, ആർ.കെ.നാരായണപിള്ള, ജി.ശിവരാജപിള്ള എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മിറ്റിയുടെ കാലയളവിലാണ് കയർ വ്യവസായ മേഖലയിൽ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചത്. ഡോ.ടി.എം.തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള പ്ലാനിംഗ് ബോർഡ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ ശുപാർശ പ്രകാരം യന്ത്രവൽക്കരണ നീക്കങ്ങൾക്ക് ശക്തിപകരുന്നതിലേയ്ക്ക് ഇന്റഗ്രേറ്റഡ് കയർ ഡവലപ്പ്മെന്റ് പ്രോജക്ട് (ഐ.സി.ഡി.പി.) പദ്ധതി നടപ്പിലാക്കി. ഐ.സി.ഡി.പി. പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി കയർഫെഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഐ.സി.ഡി.പി. പദ്ധതിയിലൂടെ കയർഫെഡ് മുൻകൈയ്യെടുത്ത് നടപ്പാക്കിയ യന്ത്രവൽക്കരണ പരിപാടി ക്ക് ശരിയായ നിലയിൽ പുരോഗതി നേടാനായില്ല.

03.04.1996-നാണ് കയർഫെഡ് ഭരണസമിതിയിലേക്കുള്ള മൂന്നാമത്തെ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഈ തെരഞ്ഞെടുപ്പിലും ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് വിജയിച്ചത്. ആനത്തലവട്ടം ആനന്ദൻ, എം.റ്റി.ചന്ദ്രസേനൻ, പി.വിശ്വംഭരൻ, ആർ.കെ.നാരായണപിള്ള, പി.എൻ.വിശ്വനാഥൻ, പി.തിലോത്തമൻ, കെ.എസ്.ഗോപാലൻ, പി.കെ.വാസവൻ, വി.എ. കൊച്ചുമൊയ്തീൻ, ജി.ശിവരാജപിള്ള, വി.വി.ഗോപിനാഥൻ, പി.എം.രവീന്ദ്രൻ, കെ. ഉത്തമൻ, കെ.വാസുദേവൻ എന്നിവരാണ് കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. സർക്കാർ നോമിനികളായി എസ്.എൽ. സജികുമാറും കെ.ആർ. ധർമ്മാനന്ദനും നിയമിതരായി. പ്രസിഡന്റായി ആനത്തലവട്ടം ആനന്ദനും വൈസ് പ്രസിഡന്റായി എം.റ്റി.ചന്ദ്രസേനനും തെരഞ്ഞെടുക്കപ്പെടുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ കൂടാതെ പി.വിശ്വംഭരൻ, ആർ.കെ.നാരായണപിള്ള, ജി.ശിവരാജപിള്ള എന്നിവർ തെര



റ്റി.കെ. ദേവകുമാർ



ഡി. സുരേഷ്കുമാർ



എം.കെ. അബ്ദുൾ ഗഫൂർ ഹാജി



എസ്. ബാഹുലേയൻ



എസ്.എൽ. സജികുമാർ



കെ.എം. രാജു



ഞ്ഞെടുക്കപ്പെട്ടു.


1999 ഏപ്രിൽ ആദ്യമാണ് പിന്നീട് തെരഞ്ഞെടുപ്പ് നടന്നത്. റ്റി.കെ.ദേവകുമാറിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് അന്ന് അധികാരത്തിൽ വന്നത്. വൈസ് പ്രസിഡന്റായി പി.തിലോത്തമനും തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മിറ്റിയിൽ റ്റി.കെ. ദേവകുമാർ, പി.തിലോത്തമൻ, എം.റ്റി.ചന്ദ്രസേനൻ, പി.വിശ്വംഭരൻ, ആർ.കെ.നാരായണപിള്ള, എസ്.എൽ.സജികുമാർ, വി.വി.ഗോപിനാഥൻ, വി.എ.കൊച്ചുമൊയ്തീൻ, കെ.വി.നാണപ്പൻ, ഡി.സുരേഷ്കുമാർ, എസ്.ശശാങ്കൻ, അളത്തിൽ വാസു, പി.എൻ.വിശ്വനാഥൻ, കെ.എസ്.ഗോപാലൻ, ഉത്തമൻ, പെരുമൺ വാസുദേവൻ എന്നിവരാണ് ഉൾപ്പെടുന്നത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായതിനെ തുടർന്ന് റ്റി.കെ.ദേവകുമാർ 2001 മെയ് മാസത്തിൽ രാജിവെക്കുകയും ഡി.സുരേഷ്കുമാർ പ്രസിഡന്റായി ചുമതലയേൽക്കുകയും ചെയ്തു. പി.വിശ്വംഭരൻ, എസ്.ശശാങ്കൻ, പി.എൻ.വിശ്വനാഥൻ എന്നിവരാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ. 25.06.2002-ൽ സർക്കാർ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ ടി കമ്മിറ്റിയെ പിരിച്ചുവിടുന്നതുവരെ ഡി.സുരേഷ്കുമാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഭരണത്തിലുണ്ടായിരുന്നത്.

തുടർന്ന് പി.ആർ.പവിത്രൻ, കെ.ആർ.രാജേന്ദ്രപ്രസാദ് എന്നിവരുൾപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ 25.06.2020-ൽ സർക്കാർ നിയോഗിച്ചു. തുടർന്ന് ഈ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലേയ്ക്ക് 13.11.2002-ൽ എം.കെ.അബ്ദുൾ ഗഫൂർ ഹാജി, .ജി.പുഷ്പരാജൻ എന്നിവരെ ഉൾക്കൊള്ളിക്കുകയും എം.കെ.അബ്ദുൾ ഗഫൂർ ഹാജിയെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനറായി നിയമിക്കുകയും ചെയ്തു. എം.കെ.അബ്ദുൾ ഗഫൂർ ഹാജിയുടെ നേതൃത്വത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 1,000 രൂപയുടെ അഞ്ച് ഷെയറുകൾ ഇല്ലാത്ത സംഘങ്ങളെ അംഗത്വ പട്ടികയിൽ നിന്നും ഒഴിവാക്കിയ നടപടി തുടർച്ചയായ നിയമ യുദ്ധത്തിലേയ്ക്ക് കയർഫെഡിനെ തള്ളിവിട്ടു. 1,000 രൂപ മുതൽ 4,000 രൂപ വരെ ഷെയറുള്ള നൂറ് കണക്കിന് സംഘങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള അംഗത്വ പട്ടികയുടെ അടിസ്ഥാനത്തിൽ 27.06.2003-ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ എം.കെ.അബ്ദുൾ ഗഫൂർ ഹാജിയുടെ നേതൃത്ത്വത്തിലുള്ള ഭരണസമിതി അധികാരത്തിൽ വന്നു.

20.02.2008-ൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്.ബാഹുലേയന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് അധികാരത്തിൽ വന്നത്. പി.കെ.വാസവൻ, പി.വി.ശശി, എസ്.ശശാങ്കൻ, അളത്തിൽ വാസു, എസ്.എൽ. സജികുമാർ, കെ.രാജൻ ബാബു, ആർ.കെ.നാരായണപിള്ള, വി.എ. സിദ്ധാർത്ഥൻ, വി.എ.കൊച്ചുമൊയ്തീൻ, റ്റി.എൻ.കൃഷ്ണൻകുട്ടി, എം.കെ.ശീമോൻ, ഇ.വി.നാരായണൻ, പി.കെ. രാജപ്പൻ, പി.വി.ദാസൻ, റ്റി.എസ്.മല്ലിക, എ.എം.മുത്തോരൻ, കെ.ചന്ദ്രൻ എന്നിവരുൾപ്പെട്ട കമ്മിറ്റിയാണ് അധികാരത്തിലേറിയത്. പ്രസിഡന്റായി എസ്.ബാഹുലേയനേയും വൈസ് പ്രസിഡന്റായി എം.കെ.ശീമോനേയും തെരഞ്ഞെടുത്തു.

ഈ കമ്മിറ്റിയുടെ കാലത്ത് ബൈലാ ഭേദഗതി ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയുണ്ടായി. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ എന്നിവരെ കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്ന അംഗങ്ങളുടെ എണ്ണം അഞ്ചായി ഉയർത്തിക്കൊണ്ടാണ് ബൈലാ ഭേദഗതി രജിസ്ട്രാർ അംഗീകരിച്ചത്. ആർ.കെ.നാരായണപിള്ള, എസ്.എൽ.സജികുമാർ, പി.വി.ശശി, അളത്തിൽ വാസു, കെ.രാജൻബാബു എന്നി



വരുൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ കാലയളവിൽ പ്രവർത്തിച്ചത്.

18.05.2011-ൽ സർക്കാർ നോമിനിയായ എസ്.ബാഹുലേയൻ രാജിവെച്ചതിനെ തുടർന്ന് എസ്.എൽ. സജികുമാർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 20.02.2013-ൽ നിലവിലുള്ള കമ്മിറ്റിയുടെ കാലാവധി കഴിയുന്നതുവരെ എസ്.എൽ.സജികുമാറിന്റെ നേതൃത്വത്തിൽ നിലവിലുണ്ടായിരുന്ന കമ്മിറ്റി പ്രവർത്തിച്ചു വന്നു.

15.02.2013-ൽ കയർഫെഡ് ഭരണസമിതിയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന കമ്മിറ്റി ചുമതലയേൽക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തതു തുടർച്ചയായി കോടതി വ്യവഹാരത്തിലേയ്ക്ക് കയർഫെഡിനെ വലിച്ചിഴയ്ക്കുകയുണ്ടായി. 28.02.2013-ൽ കെ.എം.രാജു കൺവീനറും ആർ.ദേവരാജൻ അംഗവുമായ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെസർക്കാർ നിയോഗിച്ചു.

27.05.2016-ൽ കെ.എം.രാജുവും ആർ.ദേവരാജനും ഉൾപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി രാജി വെച്ചതിനെ തുടർന്ന് അഡ്വ.എൻ.സായികുമാർ കൺവീനറും എസ്.എൽ.സജികുമാർ, വി.എസ്.മണി എന്നിവർ അംഗങ്ങളുമായ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ സർക്കാർ നിയോഗിക്കുകയും 29-12-2017-ൽ തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ ഈ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി അധികാരത്തിൽ തുടർന്നു.

29-12-2017ൽ നടന്ന കയർഫെഡ് തെരഞ്ഞെടുപ്പിൽ അഡ്വ.എൻ.സായികുമാറിന്റെ നേതൃത്ത്വത്തിലുള്ള ഭരണസമിതിയാണ് അധികാരത്തിൽ വന്നത്. അഡ്വ. എൻ.സായികുമാർ, ജോഷി എബ്രഹാം, എസ്.എൽ. സജികുമാർ, വി.എസ്.മണി, എം.പുഷ്കരൻ, കെ.വി. സത്യപാലൻ, പ്രമീള രമണൻ, ആർ.അജിത്ത്കുമാർ, പി.കെ.അപ്പുകുട്ടൻ, റ്റി.എ.മോഹനൻ, വി.എൻ.ഉണ്ണികൃഷ്ണൻ, എ.പ്രേമൻ, മങ്ങംതറ ദേവൻ, എം.അമ്മിണി, രമ മദനൻ, ബി.സാബു, എസ്.ശശിവർണ്ണൻ, കെ.ഐ. മുഹമ്മദ് എന്നിവരാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. പ്രസിഡന്റായി അഡ്വ.എൻ.സായികുമാറും വൈസ് പ്രസിഡന്റായി ജോഷി എബ്രഹാമിനെയും തെരഞ്ഞെടുക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ കൂടാതെ എസ്.എൽ.സജികുമാർ, വി.എസ്.മണി, എം.പുഷ്കരൻ, കെ.വി.സത്യപാലൻ, പ്രമീള രമണൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

കയർഫെഡിന്റെ ആദ്യ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്നത് കയർ ഡവലപ്പ്മെന്റ് ജോയിന്റ് ഡയറക്ടറായിരുന്ന റ്റി.കെ.വർഗ്ഗീസ് ആയിരുന്നു. തുടർന്ന് പി.പി.തോമസ്, കെ.വിദ്യാധരൻ, എം.എം. ജമാലുദ്ദീൻ സാഹിബ്, എം.പി.പിള്ള, വി.ശിശുപാലൻ, എൻ.ബാലകൃഷ്ണൻ നായർ, .പി.ആർ.ലൂയിസ്, എ. അജിത്ത് കുമാർ, എം.എൻ.ഗുണവർദ്ധനൻ, ജെ. രവീന്ദ്രൻ, വി.എ.അരുൺകുമാർ, കെ.ജി.രാധൻ, എം.കെ. സുന്ദരേശൻ, കെ.എസ്.ശിവരാജൻ, കെ.ശിവപ്രസാദ്, സി.ജനാർദ്ദനൻ, അനിൽ.കെ.ആർ, എം.ബാലഗോപാലൻ, കെ.എം.മുഹമ്മദ് അനിൽ, ഡോ.ബി. ശ്രീകുമാർ, ഡോ.കെ.മദനൻ, എൻ.പത്മകുമാർ ഐ.എ.എസ് എന്നിവർ കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടർമാരായി സേവനമനുഷ്ഠിച്ചു. നിലവിൽ സി.സുരേഷ്കുമാറാണ് മാനേജിംഗ് ഡയറക്ടർ. കയർഫെഡിന്റെ രജിസ്ട്രാർ കയർ വികസന ഡയറക്ടറാണ്.

ഒന്നാം പുനസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടാണ് കയർഫെഡ് സ്ഥാപിതമായത്. രണ്ടാം കയർ പുനസംഘടനാ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ വ്യവസായത്തെയും അതിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തെയും കമ്പോളത്തിലെ മത്സരത്തെ അതിജീവിക്കുവാൻ പര്യാപ്തമായ നിലയിൽ ഉടച്ചുവാർക്കുന്നതിനുള്ള പദ്ധതികൾ സജീവമായി മുന്നേറുകയാണ്.

രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ പശ്ചാത്തലത്തിൽ കയർഫെഡിന്റെ ഉത്തരവാദിത്വം ഏറുകയാണ്.

സഹകരണ സ്ഥാപനങ്ങളെ സമുദ്ധരിക്കുവാനുള്ള ശക്തി സ്രോതസായി കയർഫെഡ് മാറേണ്ടതുണ്ട്. അതിനായുള്ള പ്രവർത്തന പന്ഥാവിലൂടെയാണ് കയർഫെഡ് ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

***'കയർ വ്യവസായത്തിന്റെ നാൾവഴികൾ, കയർ പുനഃസംഘടനാ പദ്ധതി' എന്ന കയർഫെഡ് പ്രസിഡന്റിന്റെ ലേഖനത്തിന്റെ രണ്ടാംഭാഗം സാങ്കേതിക കാരണങ്ങളാൽ ഈ ലക്കത്തിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത ലക്കത്തിൽ തുടരുന്നതാണ്. - ചീഫ് എഡിറ്റർ***



**എം.പുഷ്ക്കരൻ**
എക്സിക്യൂട്ടീവ് ഡയറക്ടർ,
കയർഫെഡ്

# കായംകുളം പ്രൊജക്ടിൽ കയറുത്പാദനത്തിൽ വൻ കുതിപ്പ്

**എൽ.**ഡി.എഫ് സർക്കാരിന്റെ പദ്ധതികളുടെ ഭാഗമായി കയറിന്റെ ഈറ്റില്ലമായ ആലപ്പുഴ ജില്ലയിലെ കായംകുളം പ്രൊജക്ടിൽ കയർ ഉത്പാദന രംഗത്ത് വലിയ വളർച്ചയാണ് കൈവരിക്കാനായത്. കായംകുളം പ്രോജക്ടിൽ 110 സംഘങ്ങളിലായി 8,780 തൊഴിലാളികൾ കയർപിരി മേഖലയിൽ പണിയെടുക്കുന്നു. കായംകുളത്തെ തീരദേശമേഖലയിൽ കയർവ്യവസായത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന പരമ്പരാഗത തൊഴിലാളികളാണുള്ളത്. പണ്ടുകാലത്ത് കായലോര മേഖലയിൽ മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ വ്യവസായം പത്തിയൂർ, ചെട്ടികുളങ്ങര, കായംകുളം മുനിസിപ്പാലിറ്റി മുതലായ കിഴക്കന് പ്രദേശങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. 1988 ല് അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ഇ.കെ. നായനാരാണ് കായംകുളം പ്രൊജക്ട് ഉദ്ഘാടനം ചെയ്തത്.

ആദ്യത്തെ കായംകുളം പ്രൊജക്ട് ഓഫീസർ അഡ്വ. ശിവരാജപിള്ള ആയിരുന്നു. കായംകുളം പ്രോജക്ട് നിലവിൽ വരുന്നതിന് മുമ്പ് ആലപ്പുഴ പ്രോജക്ടിന് കീഴിലാണ് കായംകുളവും പ്രവർത്തിച്ചിരുന്നത്. കായംകുളം പ്രൊജക്ടിൽ ആദ്യകാലത്ത് കായംകുളം മേഖലയിൽ മങ്ങാടൻ കയറും കാർത്തികപ്പള്ളി മേഖലയിൽ ആറാട്ടുപുഴ കയറുമാണ് ഉത്പാദിപ്പിച്ചിരുന്നത്. പിന്നീടാണ് വൈക്കം കയറിലേക്ക് മാറിയത്. മങ്ങാടൻ, ആറാട്ടുപുഴ കയറുകളുടെ വിപണന സാധ്യത കുറഞ്ഞതും വൈക്കം കയറിന്റെ ആവശ്യം വർദ്ധിച്ചതും കൂടുതൽ സംഘങ്ങളെ വൈക്കം കയർ ഉത്പാദനത്തിലേക്ക് മാറ്റി. കയർ ഭൂവസ്ത്രത്തിന്റെ വൻതോതിലുള്ള ഡിമാൻഡും വൈക്കം കയറിന്റെ വിപണന സാധ്യത വർദ്ധിപ്പിച്ചു. എൽ.ഡി.എഫ് സർക്കാരും, വിശിഷ്യ കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും, കയർ വകുപ്പും ഭൂവസ്ത്രത്തിന് കയർ കേരള മുഖാന്തിരം കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിൽ നിന്നും ഓർഡറുകൾ സ്വീകരിച്ചത് വൈക്കം കയറിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രചോദനമായി.

കായംകുളം പ്രോജക്ടിൽ കയർ ഉത്പാദനത്തിൽ വലിയ വർദ്ധനവ് ഉണ്ടാകാൻ പ്രധാന കാരണങ്ങൾ തൊഴിലാളിക്ക് അർഹമായ കൂലി വർദ്ധിപ്പിച്ച് നല്കിയതും കൃത്യതയാർന്ന പരിശോധനയും മൂലമാണന്ന് നിസംശയം പറയാം. കൂലിയിലുണ്ടായ വർദ്ധനവ് കാരണം പുത്തൻ തലമുറയിലെ സ്ത്രീകളെ ഈ രംഗത്തേക്ക് ആകർഷിക്കുവാന് കഴിഞ്ഞിട്ടുണ്ട്. ചെറുപ്പക്കാർ ഈ മേഖലയിൽ പണിയെടുക്കുവാൻ തയാറാകുന്നു എന്നത് ഏറെ പ്രതീക്ഷ നൽകുന്നതാണ്. യന്ത്രവത്ക്കരണം നടപ്പാക്കുക വഴി കൂടുതൽ ചെറുപ്പക്കാരെ ഇനിയും ഈ മേഖലയിലേക്ക് ആകർഷിക്കുവാന് കഴിയും. യന്ത്രവത്ക്കരണം നടപ്പാക്കുന്നത് മൂലം ഉത്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി കൂലി ഉയർത്തുവാനും തൊഴിൽസാധ്യത നിലനിർത്തുവാനും ഇടയാക്കുന്നു.

കയർ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തയിലേക്ക് എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സർക്കാർ ദ്രുതഗതിയിൽ നടത്തിവരികയാണ്. 170ന് മുകളിൽ ചകിരി മില്ലുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. 1,000 ചകിരി മില്ലുകൾ സ്ഥാപിക്കുകവഴി ചകിരിക്കുവേണ്ടി തമിഴ്നാടിനെ ആശ്രയിക്കുന്ന ദുരവസ്ഥ മാറിക്കിട്ടും. കായംകുളം പ്രോജക്ടിൽ ഭൂരിഭാഗം സംഘങ്ങളും നിലവിൽ തമിഴ്നാട് ചകിരിയെയാണ് ആശ്രയിക്കുന്നത്. മുൻകാലങ്ങളിൽ സ്വകാര്യമേഖലയിൽ ആയിരുന്നു ഭൂരിഭാഗം കയറുത്പാദനവും നടന്നിരുന്നത്. എന്നാൽ ഇന്ന് ആ സ്ഥിതി മാറി സംഘങ്ങളിൽ ഉത്പാദനം ഗണ്യമായി ഉയർന്നിരിക്കുന്നു. തൊഴിലാളിക്ക് ജോലിയും കൂലിയും ഉറപ്പാക്കുവാൻ സർക്കാരിന്റെ സഹായത്താൽ സംഘങ്ങൾക്ക് കഴിയുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനം.

കയർ സഹകരണ സംഘങ്ങൾ കയർപിരിമേഖലയിൽ മാത്രം ഒരുങ്ങി നില്ക്കാതെ അനുബന്ധമേഖലകളിലേക്കും കടക്കേണ്ടതായിട്ടുണ്ട്. അതായത് സൗകര്യമുള്ള കയർ സംഘങ്ങളിൽ ഡി.എഫ് മില്ലുകൾ സ്ഥാപിക്കുകയും തൊണ്ട് സംഭരിച്ച് ചകിരിയാക്കുകയും വേണം. ചകിരിച്ചോറ് വളമാക്കി മാർക്കറ്റ് ചെയ്യുക, കുട്ടിചകിരി മാർക്കറ്റ് ചെയ്യുക എന്നീ ബഹുമുഖ മേഖലകളിലേക്കുകൂടി കടന്നു പ്രവർത്തിച്ചാൽ വൻകുതിപ്പിലേക്ക് കായംകുളത്തെ കയർരംഗത്തെ മാറ്റുവാൻ കഴിയും.

# കയർ സഹകരണസംഘങ്ങൾ ഇനി യന്ത്രവത്കൃത ഫാക്ടറികൾ

ഓരോ ദിവസവും ഒന്നുവീതം യന്ത്രവത്കൃത ചെറുകിട ഫാക്ടറി കേരളത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ 100 ദിവസംകൊണ്ട് 100 ഫാക്ടറികൾ. കൂടുതലും കയർപിരി സംഘങ്ങളിലെ ഓട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകളാണ്. സ്വകാര്യ സംരംഭങ്ങളിലേതടക്കം ചകിരി മില്ലുകളും ഇതിൽപ്പെടും. പുതുമണ്ണേൽ ക്കടവ്, താമല്ലാക്കൽ, നെടുമ്പറക്കാട്, കൊറ്റംപള്ളി, കണ്ടച്ചിറ, ക്ലാപ്പന നോർത്ത്, അക്കരപ്പാടം, തിരുനെല്ലൂർ ഈസ്റ്റ്, ചെങ്ങണ്ട, ചേർത്തല വടക്കുമുറി, കുമാരപുരം എന്നിങ്ങനെ 11 സംഘങ്ങളിലെ ഉദ്ഘാടനം ഇതിനകം നടന്നുകഴിഞ്ഞു.

ഓരോ യൂണിറ്റിന്റെയും ഉദ്ഘാടനം കേവലമൊരു ചടങ്ങല്ല. നീണ്ട തയ്യാറെടുപ്പിന്റെ സമാപന ഉത്സവമാണ്.

ആദ്യം കെട്ടിടം പണി പൂർത്തീകരിക്കണം. ചിലവ നിലവിലുള്ളവയുടെ നവീകരണമാണ്. എങ്കിൽ എളുപ്പമായി. അല്ലാത്തപക്ഷം കാലതാമസം ഉണ്ടാവും.കെട്ടിട നിർമ്മാണം പൂർത്തിയായാൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് ത്രീഫേസ് വൈദ്യുതി കണക്ഷൻ ലഭിച്ചിരിക്കണം. ഇതു വലിയൊരു കടമ്പയാണ്.

ആ കടമ്പയും കഴിഞ്ഞാൽ മെഷീൻ ഫാക്ടറിയുടെ നേതൃത്വത്തിൽ ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണം. ഒരു യന്ത്രത്തിന് രണ്ട് തൊഴിലാളികൾ എന്ന നിലയിൽ ഒരു മാസത്തെ പരിശീലനം എൻസിആർഎംഐയിൽ നിന്നും പൂർത്തിയായിരിക്കണം. സ്റ്റൈപ്പന്റ് ഉണ്ട്. ട്രെയിനിംഗ് അവസാനിക്കുമ്പോൾ യൂണിഫോമും ലഭിക്കും.


മെയിന്റനൻസിന് വേണ്ട സംവിധാനം മെഷീൻ ഫാക്ടറി ഏർപ്പെടുത്തണമെന്നുള്ളതാണ് അടുത്ത കാര്യം. ചില്ലറ റിപ്പയറിംഗ് പദ്ധതികൾക്ക് ഒരു തൊഴിലാളിക്കെങ്കിലും പ്രത്യേക പരിശീലനം ഉറപ്പാക്കുകയും വേണം.അവസാനമായി സി.എം.ഡിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഫാക്ടറി സന്ദർശിച്ച് ഉദ്ഘാടന സജ്ജമെന്ന് റിപ്പോർട്ട് നൽകണം. കോവിഡുമൂലം ചടങ്ങ് ഓൺലൈനാണ്. മന്ത്രി, സെക്രട്ടറി, കയർ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഓൺലൈനായി ഉണ്ടാകും. തൊഴിലാളികൾ കൊവിഡ് മാനദണ്ഡം പാലിച്ച് ഫാക്ടറിയിൽ സദസായി ഉണ്ടാകും. കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, മെഷീൻ ഫാക്ടറി ചെയർമാൻ കെ. പ്രസാദ്, കയർ പ്രോജക്ട് ഓഫീസർ എന്നീ മൂന്നുപേർ നിശ്ചയമായും നേരിട്ട് ഫാക്ടറിയിൽ സന്നിഹിതരായിരിക്കും. ചടങ്ങു കഴിഞ്ഞാൽ ഇവർ തൊഴിലാളികളുമായി ചർച്ച നടത്തി എല്ലാ ക്രമീകരണങ്ങൾക്കും അവസാനരൂപം നൽകും. മന്ത്രിയുമായുള്ള ഭാരവാഹികളുടെ സംവാദവും ഉദ്ഘാടനത്തിന്റെ ഭാഗമാണ്.

ഇന്നു നിലവിലുള്ള ഇലക്ട്രോണിക് റാട്ടിൽ 12-15 കിലോ കയറാണ് ഉദ്പ്പാദിപ്പിക്കുന്നത്. പുതിയ യന്ത്രത്തിൽ അത് 50-60 കിലോ വരെയാകും. ഇൻകം സപ്പോർട്ട് അടക്കം ഇപ്പോൾ 350 രൂപയാണ് കൂലി. എന്നാൽ ഇനി ഇൻകം സപ്പോർട്ട് ഇല്ലാതെ ആറു മണിക്കൂർ പണിക്ക് 450-500 രൂപ കിട്ടും. കൂടുതൽ തൊഴിലാളികൾക്ക് ഈ ഉയർന്ന കൂലി ലഭ്യമാക്കാൻ വേണ്ടി രണ്ട് ഷിഫ്റ്റായിട്ടാണ് സംഘം ഫാക്ടറികൾ പ്രവർത്തിക്കുക.

പിരിക്കുന്നതിനുള്ള ചകിരി കയർഫെഡ് 21-22 രൂപ വിലയ്ക്കു നൽകും. ഈ ചകിരി സ്വയം ഉൽപ്പാദിപ്പിച്ചാൽ സംഘത്തിന് 5-6 രൂപയെങ്കിലും ലാഭമുണ്ടാകും. കാരണം 22 രൂപ ചകിരിയുടെ ചെലവുകൂടി കൂട്ടിയ വിലയ്ക്കാണ് കയർഫെഡ് കയർ സംഭരിക്കുന്നത്. കയർ വാങ്ങുന്നവേളയിൽ തന്നെ ചകിരിയുടെ വില കിഴിച്ച് കയറിന്റെ വില സംഘത്തിന്റെ അക്കൗണ്ടിലേയ്ക്കു നൽകും.

ഇതുവരെ ഉദ്ഘാടനം ചെയ്ത 11 മില്ലുകളുടെ 2015-16 ലെ ഉൽപ്പാദനം 12,000 മാത്രമായിരുന്നു. 2019-20 ൽ അത് 21,545 ക്വിന്റലായി ഉയർന്നു. ഉദ്ഘാടന സമ്മേളനത്തിൽ വച്ച് ഓരോ സംഘത്തിന്റെയും ഈ വർഷത്തെ ഉത്പാദന ടാർജറ്റ് പ്രഖ്യാപിച്ചു. കോവിഡാണെങ്കിലും ഈ 11 സംഘങ്ങൾ 2020-21 ൽ യന്ത്രസഹായത്തോടെ കയർ ഉൽപ്പാദനം 50,000 ക്വാന്റലായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. 100 ദിവസം തീരുമ്പോൾ കഴിഞ്ഞ വർഷം ഡിസംബറിനു മുന്നേ നേടിയതിനേക്കാൾ 50 ശതമാനം വർദ്ധന നേടിയിരിക്കണം.

എന്തൊരു വലിയ കുതിപ്പായിരിക്കും ഇത്. ഒരു കാലത്ത് ഒരുലക്ഷം ടൺ വരെ കയർ ഉൽപ്പാദിപ്പിച്ചിരുന്ന കേരളത്തിലെ ഉത്പാദനം ഈ സർക്കാർ അധികാരത്തിൽ വന്നകാലത്ത് കേവലം 7000 ടണ്ണായി ചുരുങ്ങിയിരുന്നു. ഇതു കഴിഞ്ഞ വർഷം 20,000 ടണ്ണായി ഉയർന്നു. അത് ഈ വർഷം അവസാനിക്കുമ്പോൾ 40,000 ടണ്ണായി ഉയർത്തുകയാണ് ലക്ഷ്യം. കേരളത്തിലെ കയർ വ്യവസായത്തെ പുതിയൊരു സാങ്കേതിക അടിത്തറയിൽ പുനസ്ഥാപിച്ചിരിക്കും എന്ന ദൃഢവിശ്വാസത്തോടെയാണ് ഇന്ന് കയർ മേഖല മുന്നോട്ട് പോകുന്നത്.



**ഡോ. ടി.എം. തോമസ് ഐസക്**
**ധന-കയർ മന്ത്രി**

# 100 ദിനപരിപാടികൾ, യന്ത്രവൽകൃത കയർപിരി ഫാക്ടറികൾ ഉദ്ഘാടനം ചെയ്തു.

**സം**സ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി സ്ഥാപിക്കുന്ന ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഫാക്ടറികൾ ബഹു. ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഓൺലൈനായി ഉദ്ഘാടനം ചെയ്തുവരുന്നു. കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പത്മകുമാർ .ഐ.എ.എസ്, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ. കെ. പ്രസാദ്, കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ. കെ.ആർ. അനിൽ, കയർ വികസന ഡയറക്ടറുടെ ചുമതല വഹിക്കുന്ന കെ.എസ്. പ്രദീപ്കുമാർ, ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ പ്രോജക്ട് ഓഫീസർമാർ, സംഘം ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങുകളിൽ നേരിട്ടും ഓൺലൈനായും പങ്കെടുത്തുവരുന്നു.



ക്ലാപ്പന



കല്ലാപ്പുറം




കണ്ടച്ചിറ




കൊറ്റംപള്ളി




കുമാരപുരം



നെടുമ്പ്രക്കാട്



പുതുമണ്ണേൽക്കടവ്




താമല്ലാക്കൽ



തണ്ണീർമുക്കം






വടക്കുംമുറി

## ഉദ്ഘാടനം ചെയ്യുന്ന കയർപിരി യന്ത്രവൽകൃത ഫാക്ടറികൾ

1. തിരുനെല്ലൂർ വെസ്റ്റ് സി.വി.സി.എസ് നമ്പർ 721
2. ചെങ്ങണ്ട സി.വി.സി.എസ് നമ്പർ 555
3. വയലാർ നോർത്ത് സി.വി.സി.എസ് നമ്പർ.568
4. ചേർത്തല വടക്കുംമുറി സി.വി.സി.എസ് നമ്പർ.659
5. കഞ്ഞികുഴി സി.എം.എം.സി.എസ് 745
6. വാരണം സി.വി.സി.എസ് നമ്പർ.834
7. നെടുമ്പ്രക്കാട് സി.വി.സി.എസ് നമ്പർ.552
8. കട്ടച്ചിറ സി.വി.സി.എസ് നമ്പർ.751
9. കല്ലാപ്പുറം സി.വി.സി.എസ് നമ്പർ.734
10. തണ്ണീർമുക്കം സി.വി.സി.എസ് നമ്പർ.484
11. അക്കരപ്പാടം സി.വി.സി.എസ് നമ്പർ.57
12. ചെമ്മനാകരി സി.വി.സി.എസ് നമ്പർ.573
13. പടിഞ്ഞാറെക്കര സി.വി.സി.എസ് നമ്പർ.558
14. ചിങ്ങോലി നോർത്ത് സി.വി.സി.എസ് നമ്പർ.207
15. കുമാരപുരം സി.വി.സി.എസ് നമ്പർ.70
16. താമല്ലാക്കൽ സി.വി.സി.എസ് നമ്പർ.316
17. ക്ലാപ്പന സി.വി.സി.എസ് നമ്പർ.431
18. പ്രയാർ സൗത്ത് സി.വി.സി.എസ് നമ്പർ.547
19. പുതുമണ്ണേൽക്കടവ് സി.വി.സി.എസ് നമ്പർ.874
20. ആലപ്പാട് മണ്ണേൽക്കടവ് സി.വി.സി.എസ് നമ്പർ.868
21. കൊറ്റംപള്ളി നവോദയ സി.വി.സി.എസ് നമ്പർ.1305
22. നീരാവിൽച്ചേരി സി.വി.സി.എസ് നമ്പർ.538
23. മുരുന്തൽ നോർത്ത് സി.വി.സി.എസ് നമ്പർ.635
24. കണ്ടച്ചിറ സി.വി.സി.എസ് നമ്പർ.50
25. അഴീക്കോട് സി.വി.സി.എസ് നമ്പർ.261



# കേരളത്തിലെ കയർത്തൊഴിലാളി സംഘടനയുടെ ആദ്യനാളുകൾ

**വി.എസ്.മണി**
**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കയർഫെഡ്**

*കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...*

**1938** മുതൽ നിരവധി സമര പോരാട്ടങ്ങൾക്ക് ശക്തവും ധീരവുമായ നേതൃത്വം നൽകിയ ചരിത്രമാണ് കേരളത്തിലെ കയർ തൊഴിലാളികൾക്കുള്ളത്.സ്വതന്ത്ര്യ സമരത്തിന്റെ ഭാഗമായ പുന്നപ്ര -വയലാർ സമരത്തിന്റെ നടുനായകത്വം വഹിച്ച ചരിത്രത്തിന്റെ ഉടമകൾ കൂടിയാണ് കയർത്തൊഴിലാളികൾ. സ്റ്റേറ്റ് കോൺഗ്രസിന്റെ മുദ്രാവാക്യങ്ങളെ പിന്തുണച്ചുകൊണ്ട് 1938 ഒക്ടോബർ 21 മുതൽ തൊഴിലാളികൾ നടത്തിയ ഐതിഹാസികമായ സമരം ഇതിന് ഉദാഹരണമാണ്. ആർ.സുഗതൻ ആയിരുന്നു അന്ന് സെക്രട്ടറി. പണിമുടക്കിന്റെ പ്രേരണാശക്തിയായത് ആകട്ടെ സാക്ഷാൽ പി.കൃഷ്ണപിള്ളയും റ്റി.വി.തോമസും.വി.എസ്.അച്യുതാനന്ദൻ, പി.കെ.ചന്ദ്രാനന്ദൻ, കെ.കെ.കുഞ്ഞൻ, പി.ജി.പത്മനാഭൻ, എസ്.കുമാരൻ, സി.കെ.കേശവൻ, വി.എൽ.തോമസ്, പി.എ.സോളമൻ, ഒ.ജെ.ജോസഫ്, സി.ഒ.മാത്യു എന്നിങ്ങനെ നിരവധി പേരെ നേതാക്കളായി ഉയർത്തികൊണ്ടു വന്നത് ഈ സമരമാണ്. പി.കെ.കുഞ്ഞ്, സി.കെ.വേലായുധൻ, വി.കെ.വേലായുധൻ തുടങ്ങിയവരും യൂണിയന്റെ നേതൃസ്ഥാനത്ത് ഉണ്ടായിരുന്നു.തൊഴിലാളികൾ നടത്തിയ ജാഥയിൽ ഉയർന്ന വി.കെ.പുരുഷോത്തമന്റെ പണിമുടക്ക് ഗാനം ഇന്നും പഴമനസുകളിൽ അലതല്ലുന്നുണ്ട്.

*''പണിമുടക്കുവിൻ പണിമുടക്കുവിൻ*
*പണിമുടക്കുവിൻ സഹജരെ*
*പണക്കാർമർദ്ദിച്ചു പിണമാക്കും മുമ്പേ*
*പണിമുടക്കുവിൻ സഹജരെ*
*എരിപിരികൊള്ളും വയർ തടവികൊണ്ടു*
*തീതാപമാർന്നീയുലകത്തിൽ*
*നിയതം ജീവിത വിഭവം നിർമ്മിക്കും*
*പ്രിയതൊഴിലാളി സഹജരെ*
*പണിമുടക്കുവിൻ*
*പണിമുടക്കുവിൻ സഹജരെ''*

പലവിധ സമ്മർദ്ദങ്ങളും ഭീഷണികളും ഉണ്ടായിരുന്നിട്ടും ലാത്തിയേയും തോക്കിനേയും ബയണറ്റിനേയും ഭയക്കാതെ തൊഴിലാളികൾ സമരരംഗത്ത് പാറപോലെ ഉറച്ചു നിന്നു.അണുവിടപോലും പിൻതിരിയാതെ സ്റ്റേഷനു മുന്നിൽ കുത്തിയിരുന്ന തൊഴിലാളികൾക്ക് മേൽ അന്നത്തെ പോലീസ് അക്ഷരാർത്ഥത്തിൽ നരനായട്ട് നടത്തി. ക്രൂരമായ ലാത്തി ചാർജ്ജിൽ തൊഴിലാളിയായ ബാവ മരണമടഞ്ഞു. കേരളത്തിലെ തൊഴിലാളി സമരങ്ങളിലെ ആദ്യരക്തസാക്ഷിയാണ് ബാവ.അനശ്വര രക്തസാക്ഷി ബാവയുടെ ജീവത്യാഗം വെറുതെയായില്ല.ത്യാഗോജ്വലമായ സമരത്തിലൂടെ ഒരണകൂലി കൂടുതൽ നേടി കൊണ്ടാണ് തൊഴിലാളികൾ നവംബർ 14 ന് സമരം അവസാനിച്ചത്.

1939-ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ കയറ്റുമതിയെ ആശ്രയിച്ച വ്യവസായം എന്ന നിലയിൽ കയർ വ്യവസായം സ്തംഭിച്ചു.ഇതോടെ തൊഴിലാളികളുടെ ഇടയിൽ പട്ടിണിയും പകർച്ചവ്യാധികളും സാർവത്രികമായി. ഈ ദുസ്ഥിതിയിൽ ദുരിതാശ്വാസ നടപടി സ്വീകരിക്കുന്നതിനും റേഷനിംഗ് ഏർപ്പെടുത്തുന്നതിനും മെമ്മോറാണ്ടം നൽകാൻ യൂണിയൻ തീരുമാനിച്ചു.ഇതിന്റെ ഭാഗമായി മെമ്മോറാണ്ടത്തിൽ വ്യാപകമായ ഒപ്പു ശേഖരണം നടത്തി ഗവൺമെന്റിനു സമർപ്പിക്കുകയും പട്ടിണി ജാഥ നടത്തുകയും ചെയ്തു.

തൊഴിലില്ലായ്മയുടെ രൂക്ഷത പരിഗണിച്ചു തൊഴിലാളികൾക്ക് സൗജന്യമായി അരി നൽകുന്നതടക്കമുള്ള റിലീഫ് പ്രവർത്തനങ്ങളും, റോഡുകളുടെ നിർമ്മാണം, അമ്പലപ്പുഴ -ചേർത്തല തോടുവെട്ടൽ തുടങ്ങിയ പ്രവർത്തനങ്ങളും ഇക്കാലത്ത് യൂണിയന്റെ നേതൃത്വത്തിൽ നടത്തി. തൊഴിലാളികൾക്ക് ഫാക്ടറി ഡിപ്പോ വഴിയായിരുന്നു അരി വിതരണം നടത്തിയത്. ഈ പരീക്ഷണ ഘട്ടത്തിൽ കയർത്തൊഴിലാളികളുടെ ദുരിത ജീവിതത്തിലേക്ക് ഭരണാധികാരികളുടെ ശ്രദ്ധ ആകർഷിക്കുന്നതിന് യൂണിയന്റെ പ്രവർത്തനം വളരെ സഹായിച്ചു.

ചേർത്തല താലൂക്കിൽ മുഹമ്മ കേന്ദ്രീകരിച്ചു

1938 ൽതന്നെ കയർ ഫാക്ടറി തൊഴിലാളികളുടെ യൂണിയൻ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരുന്നു. ആദ്യകാല പ്രസിഡന്റ് കരുണാകര പണിക്കരും സെക്രട്ടറി കെ.ദാമോദരനുമായിരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിരവധി സമരങ്ങൾ ഇക്കാലയളവിൽ മുഹമ്മ പ്രദേശത്ത് നടന്നു. സഖാവ് പി.കൃഷ്ണപിള്ള പ്രവർത്തനങ്ങൾക്ക് പലപ്പോഴും മാർഗനിർദ്ദേശം നൽകിയിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്.പാവങ്ങളുടെ പടത്തലവൻ എ.കെ. ജിയും യൂണിയൻ പ്രവർത്തനത്തെ ശക്തിപ്പെടുത്താൻ പലപ്പോഴും ഇടപെട്ടുവെന്നതും പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. 1952 ലാണ് ചേർത്തല ചകിരി തൊഴിലാളി യൂണിയന്റെ രൂപീകരണം.സെക്രട്ടറി എൻ.പി. വർക്കിയായിരുന്നു.ചേർത്തല കയർ തൊഴിലാളി യൂണിയൻ 1969ൽ രൂപീകരിച്ചു. വി.പി.പരമേശ്വരൻ പ്രസിഡന്റും സി.എൻ.ഗോപാലൻ നെടുമ്പ്രക്കാട് സെക്രട്ടറിയുമായിരുന്നു. 1970 ൽ യൂണിയൻ പുനസംഘടിപ്പിച്ചു. വി.പി.പരമേശ്വരൻ, റ്റി.വി.തങ്കപ്പൻ എന്നിവരെ ഭാരവാഹികളായി ചുമതലപ്പെടുത്തി. 1973 ൽ വീണ്ടും പുനഃസംഘന നടത്തി. വി.പി.പരമേശരൻ പ്രസിഡന്റും കെ.കെ.ചെല്ലപ്പൻ സെക്രട്ടറിയുമായി. 1975ൽ കൊക്കോതമംഗലത്ത് കയർ ഉടമ ഇരുപത് തൊഴിലാളികൾക്ക് തൊഴിൽ നിഷേധിച്ചതിനെ തുടർന്ന് കരിക്കുളത്ത് ഒന്നര മാസം നീണ്ടുനിന്ന സമരം നടന്നു. പിൽക്കാലത്ത് സി.എസ്.രാമകൃഷ്ണൻ, സ്വാമിനാഥൻ, കെ.ആർ.കുമാരൻ വക്കിൽ, കെ.എസ്.ദാമോദരൻ, എൻ.പി.തണ്ടാർ കെ.ദാസ്, സി.കെ.വാസു, എൻ.പി. പുരുഷോത്തമൻ, സി.കെ.ഭാസ്കരൻ,പി.തിലോത്തമൻ കെ.വി.തങ്കപ്പൻ, സി.കെ.കരുണാകരൻ, തങ്കപ്പൻ, റ്റി.കെ.പളനി സി.കെ.കുമാരപണിക്കർ, എൻ.എസ്. സുരേന്ദ്രൻ, എസ്.ബാഹുലേയൻ, എ.എസ്.സാബു, പി.സുരേന്ദ്രൻ തുടങ്ങിയ നിരവധിപേർ കയർ തൊഴിലാളികളുടെ പ്രക്ഷോഭ സമരങ്ങൾക്ക് നേതൃത്വം നൽകി.

1963 ൽ ആലപ്പുഴയിലെ കാർത്തികപ്പള്ളി താലൂക്കിൽ വാസുദേവന്റെ നേതൃത്വത്തിൽ യൂണിയൻ രൂപീകരിച്ചു. ആദ്യകാലത്ത് കൂലി കൂടുതൽ ആവശ്യപ്പെട്ട് നിരവധി സമരങ്ങൾ നടന്നു. 1970 ൽ തൊണ്ടുതല്ലു യന്ത്രത്തിനെതിരെ നിരവധി സമരങ്ങൾ നടന്നു. പി.ആർ.വാസു, അനിരുദ്ധൻ, വാസുദേവൻ തുടങ്ങിയവരായിരുന്നു അക്കാലത്തെ നേതാക്കൾ. 1973 ൽ യൂണിയൻ പുനഃസംഘടിപ്പിച്ച് വാസുദേവൻ സെക്രട്ടറിയായി. പിന്നീട് യൂണിയൻ നേതൃത്വത്തിലേക്ക് റ്റി. കെ.ദേവകുമാർ, കെ.കരുണാകരൻ, എം.സുരേന്ദ്രൻ, എ.കെ.രാജൻ, എം.ജി.ശ്രീധരൻ, അബിൻഷാ, എം. പുഷ്ക്കരൻ, ശിവൻ പിള്ള തുടങ്ങിയ നിരവധി നേതാക്കൾ കടന്നു വരുകയും തൊഴിലാളികളുടെ കൂലിയും അവകാശങ്ങളും സംരക്ഷിക്കാൻ വിവിധ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

## 2001–02ലെ അനിശ്ചിതകാല പണിമുടക്കം

അമ്പലപ്പുഴ - ചേർത്തല താലൂക്കിലെ തൊഴിലാളികൾ 2001 ഡിസംബർ 7 മുതൽ അനിശ്ചിതകാല പണിമുടക്കം നടത്തി. ഡിസംബർ 26 ന് രണ്ട് മന്ത്രിമാർ പങ്കെടുത്ത് ഒത്തുതീർപ്പുണ്ടാക്കി. ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാതിരുന്നതിനെ തുടർന്ന് ഒരു വർഷത്തിനുശേഷം വീണ്ടും സമരം നടത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 2002 നവംബർ 29 ന് ഒരു ദിവസത്തെ പണിമുടക്കും ഉപരോധവും സംഘടിപ്പിച്ചു. ചേർത്തല കോഞ്ചേരി ഫാക്ടറിയ്ക്ക് മുൻപിൽ സി.പി.ഐ(എം) പോളിറ്റ് ബ്യൂറോ അംഗമായിരുന്ന സ. ഇ.കെ.നയനാരാണ് ഈ സമരം ഉദ്ഘാടനം ചെയ്തത്.പാം ഫൈബർ-കലവൂർ ഫാക്ടറിയ്ക്കു മുന്നിലെ സമരം അന്ന് സി.പി.ഐ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന പന്ന്യൻ രവീന്ദ്രനും, റ്റി.എം.എം.സി ചേർത്തലയിൽ യു.റ്റി.യു.സി ജനറൽ സെക്രട്ടറിയായിരുന്ന എ.എ.അസീസും, ആലപ്പി കമ്പനി ഉപരോധം ആലപ്പുഴ ഡി.സി.സി പ്രസിഡന്റായിരുന്ന അഡ്വ.സി.ആർ. ജയപ്രകാശുമാണ് ഉദ്ഘാടനം ചെയ്തത്. എം.എ ബേബി, ഡോ.റ്റി.എം.തോമസ് ഐസക് എന്നിവരും ഈ പ്രക്ഷോഭങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ചിരുന്നു. ആനത്തലവട്ടം ആനന്ദൻ, എം.റ്റി.ചന്ദ്രസേനൻ, എം.എ.ബേബി, ജി.സുധാകരൻ എന്നിവർ വിവിധ സമര കേന്ദ്രങ്ങളിൽ പങ്കെടുത്ത് തൊഴിലാളികൾക്ക്





ആവേശം പകർന്നു. പതിനായിരത്തിലധികം തൊഴിലാളികളാണ് ഈ സമരത്തിൽ അണിചേർന്നത്.

2002 ഡിസംബർ 15 മുതൽ അമ്പലപ്പുഴ ചേർത്തല താലൂക്കിലെ കയർ ഫാക്ടറി തൊഴിലാളികളും ചെറുകിട കയർ ഫാക്ടറി ഉടമകളും ചേർത്തല താലൂക്കിലെ കയർ പിരി തൊഴിലാളികളും പണി മുടക്കി. ഡിസംബർ 27 ന് അനശ്വര വിപ്ളവകാരികൾ ഉറങ്ങുന്ന വയലാറിലായിരുന്നു സമരത്തിന്റെ ഉദ്ഘാടനം.വയലാറിൽ നിന്ന് രാവിലെ 6 മണിയ്ക്ക് എം.എ.ബേബി,ഡോ.റ്റി.എം.തോമസ് ഐസക്, സംയുക്ത സമരസമിതി ചെയർമാൻ എം.റ്റി.ചന്ദ്രസേനൻ, കൺവീനർ വി.എസ്.മണി, എം.പി.പവിത്രൻ, കെ.പ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ പതിനായിരത്തോളം തൊഴിലാളികൾ ആലപ്പുഴയിലേക്ക് മാർച്ചു ചെയ്തു.

വൈകുന്നേരം 5 മണിയ്ക്ക് കളക്ട്രേറ്റിന് മുന്നിൽ നടന്ന മഹാസമ്മേളനം സി.ഐ.റ്റിയു അഖിലേന്ത്യാ പ്രസിഡന്റും ഇന്ത്യൻ തൊഴിലാളി വർഗത്തിന്റെ അനിഷേധ്യ നേതാവുമായിരുന്ന ഇ.ബാലാനന്ദൻ ഉദ്ഘാടനം ചെയ്തു. എം.എ.ബേബി, റ്റി.എം.തോമസ് ഐസക്, പി.പുരുഷോത്തമൻ, എം.റ്റി.ചന്ദസേനൻ, വി.എസ്.മണി എന്നിവർ പ്രസംഗിച്ചു. സമരത്തെ തുടർന്ന് വിളിച്ചു ചേർത്ത ഒത്തുതീർപ്പ് യോഗത്തിൽ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരും റ്റി.എം.തോമസ് ഐസക്, എം.റ്റി.ചന്ദ്രസേനൻ, വി.എസ്.മണി അടക്കമുള്ള തൊഴിലാളി പ്രതിനിധികളും, കയറ്റുമതിക്കാരും,കയറ്റുമതിക്കാരുടെ പ്രതിനിധികളുമടക്കം ഇരുപതിലധികം പേർ പങ്കെടുത്തു.വിലയും കൂലിയും മുൻകാല പ്രാബ്യലത്തോടെ നൽകുന്നതിന് ഈ യോഗത്തിൽ കയറ്റുമതിക്കാർ സമ്മതിച്ചു. തുക നൽകുമ്പോൾ അർഹരായവർക്ക് തന്നെ ലഭിക്കുമെന്ന് ഉറപ്പാക്കാൻ ഡോ.റ്റി.എം.തോമസ് ഐസക്കും,അന്നത്തെ എംപിയായിരുന്ന വി.എം.സുധീരനും അടങ്ങുന്ന ഒരു സമിതിയെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തു. കയർതൊഴിലാളികളുടെ പുതിയ കാലത്തെ ഉജ്ജ്വലമായ സമരത്തിന് സി.പി.ഐ (എം) ആലപ്പുഴ ജില്ലാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന എം.എ.ബേബി,ഡോ.റ്റി.എം.തോമസ് ഐസക്ക് എന്നിവർ സുപ്രാധാനവും നിർണ്ണായകവുമായ പങ്കാണ് വഹിച്ചിരുന്നതെന്ന കാര്യം എടുത്തു പറയേണ്ടതുണ്ട്.

### സംഘടന കോട്ടയത്ത്

1938-39 കാലത്ത് തന്നെ കോട്ടയം ജില്ലയിലെ വൈക്കം പ്രദേശങ്ങളിൽ കയർ ഫാക്ടറി തൊഴിലാളികളുടെ പ്രവർത്തനം ആരംഭിച്ചിരുന്നു. 1942 ൽ കയർ ഫാക്ടറി തൊഴിലാളികളുടെ ഒരു വിപുലമായ യോഗം ഇവിടെ കൂടി.ആർ.സുഗതൻ, റ്റി.ഒ.വാസു എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തിരുന്നു.ഈ യോഗത്തിൽ കൊട്ടാരത്തിൽ കൃഷ്ണൻകുട്ടി പ്രസിഡന്റായും പി.ഗോപാലൻ സെക്രട്ടറിയായും എ.വി.വാസു വൈദ്യൻ ഖജാൻജിയുമായി തെരെഞ്ഞെടുക്കപ്പെട്ടു.1952 ലാണ് കോട്ടയത്ത് കയർ തൊഴിലാളികളുടെ യൂണിയൻ രൂപീകരിച്ചത്. റ്റി.വി പുരത്തുള്ള മാധവനായിരുന്നു ആദ്യ സെക്രട്ടറി. 1969 ൽ യൂണിയൻ പുനസംഘടിപ്പിച്ചു. പിന്നീട് നടന്ന ശക്തവും വിപുലവുമായ പ്രവർത്തനങ്ങൾക്ക് സി.കെ.വിശ്വനാഥൻ, കെ.വിശ്വനാഥൻ തുടങ്ങിയവർ ദീർഘകാലം നേതൃത്വം നൽകി. 1969ൽ ഗോപാലകൃഷ്ണൻ സെക്രട്ടറിയായി. കയർത്തൊഴിലാളികളുടെ സംഘടനക്കും അവരുടെ ഉശിരൻ സമരങ്ങൾക്കും നേതൃത്വം നൽകാൻ പിന്നീട് നിരവധി നേതാക്കൾ കടന്നുവന്നു. നിലവിൽ നേതൃരംഗത്ത് രംഗത്ത് കെ.കെ.ഗണേശൻ, പി.കെ.അപ്പുക്കുട്ടൻ,അക്കരപ്പാടം ശശി, രമ, പ്രമീള രമണൻ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

### സംഘടന കണ്ണൂരിൽ

കയർ തെഴിലാളികളുടെ യൂണിയൻ കണ്ണൂരിൽ രൂപികരിക്കുന്നത് 1958ലാണ്. കെ.വി.സത്യപാലൻ പ്രസിഡന്റും, കുമാരൻ മാസ്റ്റർ സെക്രട്ടറിയുമായി രൂപീകരിച്ച കമ്മറ്റിയാണ് കണ്ണൂരിൽ പ്രവർത്തനനങ്ങൾക്ക് തുടക്കം കുറിച്ചത്. 1960 കളിൽ നടന്ന മാട്ടൂർ സമരം ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്.16 ദിവസം നീണ്ടു നിന്ന ഈ സമരം അയേത്തും, തെക്കുംപാട്, പാപ്പിനിശ്ശേരി, മാട്ടൂർ പ്രദേശങ്ങളിൽ നിരവധി പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിച്ചു. പി.എൻ.പി അബ്ദുള്ള, കെ.വി.സത്യപാലൻ, കുമാരൻ മാസ്റ്റർ എന്നിവരാണ് ഈ സമരപോരാട്ടത്തിന് നേതൃത്വം നൽകിയത്.1980 കൾക്ക് ശേഷം യൂണിയൻ പ്രസിഡന്റായി പി.എൻ.പി അബ്ദുള്ളയും സെക്രട്ടറിയായി പത്തേരി ശ്രീധരനും തെരെഞ്ഞെടുക്കപ്പെട്ടു.ഇപ്പോൾ കണ്ണൂർ യൂണിയന്റെ പ്രസിഡന്റായി കെ.സുരേന്ദ്രനും സെക്രട്ടറിയായി കോടയിൽ ബാബുവും പ്രവർത്തിച്ചു വരുന്നു.

### പോരാട്ടങ്ങൾ നിലക്കുന്നില്ല..

1970 മുതൽ കേരളത്തിലെ കയർ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാന അടിസ്ഥാനത്തിൽ സംഘടന പ്രവർത്തനം ആരംഭിച്ചു. ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റും, കെ.കെ.ഗണേശൻ സെക്രട്ടറിയുമാണ്. ആദ്യകാലത്ത് ശ്രീമതി.സുശീലാ ഗോപാലനും ഡോ.റ്റി.എം.തോമസ് ഐസക് എന്നിവർ പ്രസിഡന്റായി പ്രവർത്തിച്ചിരു



ന്നു.പി.തിലോത്തമൻ, പി.വി.സത്യനേശൻ, എ.കെ. രാജൻ, കെ.രത്നാകരൻ, ജോഷി എബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള സംഘടനകളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1930കളുടെ മധ്യത്തോടെ സജീവമായ കയർത്തൊഴിലാളി പ്രസ്ഥാനം ഇന്നും തൊഴിലാളി വിരുദ്ധ നടപടികൾക്കും ചൂഷണത്തിനുമെതിരെ നിലക്കാത്ത പോരാട്ടവുമായി മുന്നോട്ടു പോകുകയാണ്. 1967 ൽ വി.എസ്.അച്യുതാനന്ദൻ പ്രസിഡന്റും സി.എ.പീറ്റർ സെക്രട്ടറിയുമായി രൂപീകരിച്ചആലപ്പി കയർ ഫാക്ടറി തൊഴിലാളി യൂണിയൻ കയർത്തൊഴിലാളികൾക്കായി നടത്തിയ ത്യാഗോജ്ജ്വല പ്രവർത്തനങ്ങൾ ഇത്തരുണത്തിൽ ഒരിക്കൽ കൂടി സ്മരിക്കുകയാണ്. പിന്നീട് സുശീല ഗോപാലൻ കെ.ആർ.ഗൗരിയമ്മ, എസ്.ദാമോദരൻ, വി.എസ്.മണി, പി.കെ.വിജയൻ എന്നിവർ ഈ സംഘടനയുടെ പ്രസിഡന്റുമാരായി. നിലവിൽ വി.എസ്.മണി പ്രസിഡന്റും റ്റി.ആർ.ശിവരാജൻ സെക്രട്ടറിയുമാണ്.1954 കളിൽ കെ.സി.ഈപ്പൻ, പി.എസ്.ഗൃഗരി എന്നിവരുടെ നേതൃത്വത്തിൽ രൂപികരിക്കപ്പെട്ട കയർ ലേബർ യൂണിയനേയും പിന്നീട് അതിന്റെ നേതൃത്വത്തിലേക്ക് വന്ന കെ.എ.രാജൻ, വി.സി.അലോഷ്യസ് എന്നിവരേയും പ്രത്യേകം സ്മരിക്കുന്നു.

പി.കേശവദേവ്, ആർ.സുഗതൻ,റ്റി.വി.തോമസ്, വി.എസ്.അച്യുതാനന്ദൻ, പി.കെ.കുഞ്ഞു, കെ.കെ. കുഞ്ഞൻ കെ.ദാസ്, സി.കെ.കുമാരപണിക്കർ, സുശീലാ ഗോപാലൻ, റ്റി.എം.തോമസ് ഐസക്, ആനത്തലവട്ടം ആനന്ദൻ, എം.റ്റി.ചന്ദ്രസേനൻ തുടങ്ങിയ നിരവധി പ്രമുഖൻമാർ കയർ തൊഴിലാളികളുടെ വിവിധങ്ങളായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയത് വീണ്ടും വീണ്ടും അനുസ്മരിക്കാതെ തരമില്ല.റ്റി.കെ. സദാനന്ദൻ,എസ്.ബാഹുലേയൻ, പി.സുരേന്ദ്രൻ, എ.എസ്.സാബു, എൻ.ആർ.ബാബുരാജ്, പരമേശ്വരൻ, സി.കെ.മണിയൻ, എൻ.സുമന്ത്രൻ, വിശ്വംഭരൻ, രത്നമ്മ തുടങ്ങിയ നേതാക്കൾ കയർ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള വിവിധ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചവരാണ്. പി.എസ്.ശ്രീകുമാർ, എം.അമ്മിണി, രമ മദനൻ. ഷെർളി ഭാസ്ക്കരൻ, പി.സി കുഞ്ഞച്ചൻ, ഉമായാക്ഷൻ, സുരേഷിരിഘോഷ് തുടങ്ങിയ നിരവധി പേർ കയർ രംഗത്തെ സംഘടനകൾക്ക് ഇന്ന് നേതൃത്വം നൽകുന്നു. പ്രസിഡന്റ്

**❝ 1930കളുടെ മധ്യത്തോടെ സജീവമായ കയർത്തൊഴിലാളി പ്രസ്ഥാനം ഇന്നും തൊഴിലാളി വിരുദ്ധ നടപടികൾക്കും ചൂഷണത്തിനുമെതിരെ നിലക്കാത്ത പോരാട്ടവുമായി മുന്നോട്ടു പോകുകയാണ്. 1967 ൽ വി.എസ്.അച്യുതാനന്ദൻ പ്രസിഡന്റും സി.എ.പീറ്റർ സെക്രട്ടറിയുമായി രൂപീകരിച്ചആലപ്പി കയർ ഫാക്ടറി തൊഴിലാളി യൂണിയൻ കയർത്തൊഴിലാളികൾക്കായി നടത്തിയ ത്യാഗോജ്ജ്വല പ്രവർത്തനങ്ങൾ ഇത്തരുണത്തിൽ ഒരിക്കൽ കൂടി സ്മരിക്കുകയാണ്. ❞**

ആർ.നാസർ, സി.കെ.സുരേന്ദ്രൻ, പി.സുരേന്ദ്രൻ, എൻ.പി.കമലാധരൻ, എം.ഡി.സുധാകരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ യൂണിയൻ പ്രവർത്തനം ഇന്ന് ആവേശപൂർവം മുന്നോട്ടു പൊയ്ക്കോണ്ടേയിരിക്കുന്നു. കൊടിയ ചൂഷണവും നിഷ്ഠൂരമായ അടിച്ചമർത്തലുകളും അതിനെതിരായ ഐതിഹാസിക സമരങ്ങളിലൂടെയുള്ള തൊഴിലാളികളുടെ ഉശിരൻ മുന്നേറ്റവുമെല്ലാം ഇഴപിരിയുന്ന കയർതൊഴിലാളി സംഘടനാരംഗം എട്ടുപതിറ്റാണ്ടുകൾ പിന്നിട്ടതിനുശേഷം അതിന്റെ ചരിത്രം പരതുമ്പോൾ ചില സംഭവങ്ങളും പേരുകളും വിട്ടു പോയിട്ടുണ്ടാവാം.ഓർമ്മപ്പെടുത്തലുകളും കൂട്ടിച്ചേർക്കലുകളും കൂടി ചരിത്രത്തിന്റെ ഭാഗമാണല്ലോ.

*(അവസാനിച്ചു)*



# സ്വർണ്ണവർണ്ണ പഥങ്ങളിലൂടെ കയർവ്യവസായം



**ജോഷി എബ്രഹാം,**
**വൈസ് പ്രസിഡന്റ്, കയർഫെഡ്**

*കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...*

**യൂ**റോപ്യൻ രാജ്യങ്ങളിൽ ചിലയിടങ്ങളിൽ നമ്മുടെ കയർ ഉപയോഗിച്ച് കയർ പരവതാനികൾ പണ്ടേ ഉണ്ടാക്കിയിരുന്നു. നിർമ്മാണ ചെലവ് കൂടിയിരുന്നതിനാൽ അവ ആഡംബര വസ്തുവായിരുന്നു. 1851-ൽ ലണ്ടനിൽ നടന്ന വമ്പിച്ച പ്രദർശനത്തിൽ കയറ്റുപായ്കളും തടുക്കുകളും പ്രദർശിപ്പിച്ചിരുന്നതായി രേഖകൾ ഉണ്ട്. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള പത്തു വർഷങ്ങളിൽ കയറുൽപ്പന്നങ്ങളുടെ വിലയിൽ നാനൂറ് ശതമാനംവരെ വർദ്ധനയാണുണ്ടായത്. 1918-19ൽ 18.13 ലക്ഷംരൂപയുടെ കയറ്റുമതി നടന്നിരുന്നെങ്കിൽ 1927-28 കാലത്ത് അത് 90.41 ലക്ഷം രൂപയുടെ കയറ്റുമതിയായി വർദ്ധിച്ചു. അതോടെ കൂടുതൽ തൊഴിലാളികൾ ഈ രംഗത്തേക്കു കടന്നുവന്നു.

കയർ മേഖലയിലെ തൊഴിലാളികൾ സാമാന്യ വിദ്യാഭ്യാസമുള്ളവരായിരുന്നു. ലഭിക്കുന്ന അവസരങ്ങൾ അറിവ് വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്രദമായ രീതിയിൽ അവർ ഉപയോഗിച്ചിരുന്നു. അവരുടെ സാന്നിദ്ധ്യം മതേതരമായ ഒരു സാമൂഹികാവസ്ഥ ഊട്ടി ഉറപ്പിക്കുന്നതിനിടയാക്കി. യൂറോപ്യൻ കയർ ഫാക്ടറികൾ ആലപ്പുഴയിൽ വിവിധ മതസ്ഥരുടെ കൂടിയേറ്റം വർദ്ധിപ്പിക്കുന്നതിനും വഴിയൊരുക്കി. യൂറോപ്യൻ തേയിലത്തോട്ടങ്ങളിൽ ഗുമസ്തപ്പണി ചെയ്തിരുന്ന അഭ്യസ്ഥവിദ്യരെ കയർ ഫാക്ടറികളിലേയ്ക്കു കൊണ്ടുവന്നു. ഇവർക്കെല്ലാം പ്രാഥമിക വിദ്യാഭ്യാസം ഉണ്ടായിരുന്നു. ഇവരിൽ ഭൂരിപക്ഷവും ക്രിസ്തുമത വിഭാഗത്തിലെ നവീകൃത സഭാംഗങ്ങളായിരുന്നു. തൊഴിലാളികളുടെ ഇടയിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടാനും എല്ലാവിധ ജാതിമത വിഭാഗങ്ങളുടേയും സംഗമ ഭൂമിയാക്കി ആലപ്പുഴയെ മാറ്റുന്ന ഒരു മതേതരത്വ കാഴ്ചപ്പാട് രൂപപ്പെടാനും ഇത് ഇടയാക്കി.

എന്നാൽ കയർ മേഖലയിൽ ഉയർന്നുവന്ന പുത്തൻ മുതലാളിത്വവും ജന്മിത്വവും തൊഴിലാളികളെ പരമാവധി ചൂഷണത്തിനിരയാക്കി, കൂടുതൽ ലാഭം നേടി. കാലക്രമേണ പട്ടിണിക്കൂലി പോലും തൊഴിലാളികൾക്കു ലഭിക്കാതെയായി. അമ്പലപ്പുഴ, ചേർ

**രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിൽ രാജ്യവ്യാപകമായി കൊടിയ ക്ഷാമം അരങ്ങേറി. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ മാത്രം പട്ടിണിയും പകർച്ചവ്യാധിയും മൂലം മുപ്പതിനായിരത്തിലധികം പേർ മരിച്ചു വീണു. കയർത്തൊഴിലാളികളുടെ ആവശ്യപ്രകാരം അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ആദ്യമായി റേഷൻഡിപ്പോകൾ അനുവദിച്ചു. ജന്മിത്വത്തിനും നാടുവാഴിത്വത്തിനും എതിരെ നടന്ന നിരവധി ബഹുജന മുന്നേറ്റങ്ങളിൽ കയർ തൊഴിലാളികൾ മുന്നണിപ്പോരാളികളായി മാറി.**

ത്തല താലൂക്കുകളിലെ കയർ വ്യവസായം വിരലിലെണ്ണാവുന്ന ഏതാനും ജന്മിമാരുടേതായി. 1935-ഓടെ അമ്പലപ്പുഴ, ചേർത്തല മേഖലയിലെ കയർതൊഴിലാളി പ്രസ്ഥാനവും ശക്തി പ്രാപിച്ചിരുന്നു. കയർ തൊഴിലാളികളുടെ അസോസിയേഷൻ കൂലി വെട്ടിക്കുറയ്ക്കുന്നതിനെതിരെ നിരവധി തവണ പ്രതിഷേധിച്ചു. ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ മുഹമ്മ, ചേർത്തല, അരൂർ തുടങ്ങി. എല്ലാ സ്ഥലങ്ങളിലും നിരവധി പൊതുപണിമുടക്കുകൾ നടന്നു. തിരുവിതാംകൂർ ലേബർ അസോസിയേഷൻ ട്രേഡ്യൂണിയൻ നിയമപ്രകാരം തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയനായി ഒന്നാമതായി രജിസ്റ്റർ ചെയ്തു.

1938-ൽ തൊഴിലാളികളുടെ ആവശ്യങ്ങൾക്കൊപ്പം ഉത്തരവാദഭരണം ഉൾപ്പെടെയുള്ള രാഷ്ട്രീയ ആവശ്യങ്ങളും ഉയർത്തി കയർ മേഖലയിൽ നടന്ന പൊതുപണിമുടക്ക് സ്വാതന്ത്ര്യസമരത്തിന് വീര്യം പകർന്നു. കയർത്തൊഴിലാളി നേതാക്കളെ പോലീസ് അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് നടന്ന പോലീസ് സ്റ്റേഷൻ മാർച്ചിനു നേരെ പോലീസ് ക്രൂരമായ ലാത്തിച്ചാർജ്ജ് നടത്തി. അടികൊണ്ട് മരിച്ച കയർ തൊഴിലാളി ബാവ കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിലെ ആദ്യ രക്തസാക്ഷിയാണ്.

രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിൽ രാജ്യവ്യാപകമായി കൊടിയ ക്ഷാമം അരങ്ങേറി. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ മാത്രം പട്ടിണിയും പകർച്ചവ്യാധിയും മൂലം മുപ്പതിനായിരത്തിലധികം പേർ മരിച്ചു വീണു. കയർത്തൊഴിലാളികളുടെ ആവശ്യപ്രകാരം അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ആദ്യമായി റേഷൻഡിപ്പോകൾ അനുവദിച്ചു. ജന്മിത്വത്തിനും നാടുവാഴിത്വത്തിനും എതിരെ നടന്ന നിരവധി ബഹുജന മുന്നേറ്റങ്ങളിൽ കയർ തൊഴിലാളികൾ മുന്നണിപ്പോരാളികളായി മാറി. 1946-ൽ സ്വതന്ത്ര തിരുവിതാംകൂർ വാദത്തിനും, അമേരിക്കൻ മോഡൽ ഭരണത്തിനും എതിരായി പ്രായപൂർത്തി വോട്ടവകാശത്തിനും ഉത്തരവാദഭരണത്തിനും വേണ്ടി നടന്ന സ്വാതന്ത്ര്യസമരത്തിലും (പുന്നപ്ര വയലാർ) ചാലക ശക്തിയായി മാറിയത്

**1946-ൽ സ്വതന്ത്ര തിരുവിതാംകൂർ വാദത്തിനും, അമേരിക്കൻ മോഡൽ ഭരണത്തിനും എതിരായി പ്രായപൂർത്തി വോട്ടവകാശത്തിനും ഉത്തരവാദഭരണത്തിനും വേണ്ടി നടന്ന സ്വാതന്ത്ര്യസമരത്തിലും (പുന്നപ്ര വയലാർ) ചാലക ശക്തിയായി മാറിയത് കയർ ത്തൊഴിലാളികളാണ്.**

കയർ ത്തൊഴിലാളികളാണ്. പുന്നപ്ര വയലാർ സമരത്തിൽ രക്തസാക്ഷികളായ നൂറുകണക്കിന് കയർത്തൊഴിലാളികളുടെ സ്മരണയിൽ നിന്നാണ് ഐക്യകേരളത്തിന്റെ പ്രഥമമന്ത്രിസഭ ഇ.എം.എസി-ന്റെ നേതൃത്വത്തിൽ അധികാരമേറ്റത്. കയർ ത്തൊഴിലാളികളുടെ എക്കാലത്തേയും നേതാവായി ഉയർന്നുവന്ന .റ്റി.വി.തോമസ്, ആ മന്ത്രിസഭയിൽ തൊഴിൽവകുപ്പു മന്ത്രിയായതോടെ കയർമേഖലയിലെ തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.

കയർവ്യവസായം അഭിവൃദ്ധിപ്പെട്ടതിലൂടെ ഉയർന്നുവന്ന തൊഴിലാളികളും അനുബന്ധ ജനപഥങ്ങളും സ്വാതന്ത്ര്യലബ്ധിക്കും സാമൂഹിക, വിദ്യാഭ്യാസ, സാംസ്ക്കാരിക അഭിവൃദ്ധിക്കും സർവ്വോപരി സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനും വേണ്ടി നടത്തിയ പോരാട്ടം ഐക്യകേരളത്തിന്റെ സൃഷ്ടിക്കും വികസനത്തിനും സാമൂഹിക മുന്നേറ്റത്തിനും നാഴികക്കല്ലായി മാറിയിട്ടുണ്ടെന്നതിനാൽ ഇന്നും സ്വർണ്ണവർണ്ണ പഥങ്ങളിലൂടെയാണ് കേരളത്തിലെ കയർവ്യവസായം ജൈത്രയാത്ര തുടരുന്നത്.

റഫറൻസ് - റ്റി.വി.തോമസ്, എം.ടി.ചന്ദ്രസേനൻ, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ.

*(അവസാനിച്ചു)*





# മാറുന്ന കയർ വ്യവസായം, മാറേണ്ട ധാരണകൾ

**ബി.സുനിൽ**
**ജനറൽ മാനേജർ, കയർഫെഡ്**

**കേ**രളത്തിലെ കയർ വ്യവസായത്തിന് നൂറ്റാണ്ടുകളുടെ പാരമ്പര്യവും, പഴക്കവും കണക്കാക്കപ്പെടുന്നു. 38,863 ച:കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള കേരളത്തിന്റെ തീരപ്രദേശങ്ങളിൽ തഴച്ചുവളർന്ന കയർവ്യവസായം തീരദേശ ഗ്രാമങ്ങളുടെ പ്രധാന വരുമാന സ്രോതസ്സായി കാലക്രമേണ വളർന്നുവന്നു. തൊണ്ടിന്റെ ലഭ്യത, അവ സംസ്കരിക്കുന്നതിന് ആവശ്യമായ ജല ലഭ്യത, എല്ലാത്തിനുമുപരി നമ്മുടെ നാട്ടിലെ തൊഴിലാളികളുടെ കരവിരുത് ഇത് എല്ലാം ഈ മേഖലയുടെ വളർച്ചയ്ക്ക് കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

കയർ വ്യവസായത്തിന്റെ വാല്യൂ ചെയിൻ തൊണ്ട് സംഭരണത്തിൽ ആരംഭിച്ച്, ചകിരി ഉൽപ്പാദനം, കയർ ഉൽപ്പാദനം, പരമ്പരാഗത കയർ ഉൽപ്പന്ന നിർമ്മാണം എന്നിവ പരമ്പരാഗത നിലയിൽ നിന്നും വളർന്ന് കയറിനും, കയറുൽപ്പന്നങ്ങൾക്കും മറ്റനവധി ഉപയോഗം ഇന്ന് കണ്ടെത്തിയിട്ടുണ്ട്. കയർഭൂവസ്ത്രം,കയർ പിത്ത്, പോളി കയർ, ബൈൻഡർലെസ് ബോർഡ്, ഗാർഡൻ ആർട്ടിക്കിൾ തുടങ്ങിയവ ഇതിൽ ചിലത് മാത്രമാണ്.

1970–ന് മുൻപ് തന്നെ ഈ വ്യവസായത്തിന്റെ പ്രസക്തിയും, പ്രശ്നങ്ങളും മനസ്സിലാക്കിയ പനമ്പള്ളി ഗോവിന്ദമേനോൻ തൊണ്ട് സംഘങ്ങൾ രൂപവൽക്കരിച്ചുകൊണ്ട് കയർ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന് നാന്ദികുറിച്ചെങ്കിലും പലവിധ കാരണങ്ങളാൽ ആയത് പരാജയപ്പെടുകയാണ് ഉണ്ടായത്. തുടർന്ന് എഴുപതുകളിൽ ആലപ്പുഴയുടെ സമരനായകനും, ദീർഘദർശിയുമായ ശ്രീ.റ്റി.വി തോമസ് കേരളത്തിലെ വ്യവസായ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവെച്ചുകൊണ്ടുള്ള പുനസംഘടന പദ്ധതി നടപ്പിലാക്കുകയും അതുവഴി പ്രാഥമിക സംഘങ്ങൾ രൂപവൽക്കരിക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു.തുടർന്ന് 1990 ൽ ശ്രീ. ടി.എം. തോമസ് ഐസക്ക് , 1993 ൽ ശ്രീ. തച്ചടി പ്രഭാകരൻ, 2008–ൽ ശ്രീ. ആനത്തലവട്ടം ആനന്ദൻ തുടങ്ങിയ പ്രഗത്ഭർ കയർ മേഖലയുടേയും അതിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനങ്ങളേയും കുറിച്ച് സമഗ്രമായ പഠനം നടത്തി നിരവധി കണ്ടെത്തലുകളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും നൽകുകയുണ്ടായി. എന്നാൽ ആ നിർദ്ദേശങ്ങളിൽ ഒട്ടുമിക്കതും രേഖകളിൽ ഒതുങ്ങിപ്പോയി എന്നുള്ളതാണ് വസ്തുത.

ഈ കാലഘട്ടത്തിലൊക്കെയും കേരളത്തിൽ മാറി മാറി വന്ന സർക്കാരുകൾ കയർ വ്യവസായത്തെ ഒരു തൊഴിലാളി കേന്ദ്രീകൃത വ്യവസായമായി കണ്ടെന്നതാണ് വസ്തുത. അതായത് വൻതോതിൽ മൂലധന നിക്ഷേപം ആവശ്യമായ യന്ത്രവൽക്കരണം ഒഴിവാക്കി തൊഴിലാളികളുടേയും അവരുടെ തൊഴിലിനേയും സംരക്ഷിച്ചുപോരുന്ന ശൈലിയാണ് കേരളത്തിൽ പിൻതുടർന്ന് വന്നിരുന്നത്.

എന്നാൽ ഈ കാലഘട്ടത്തിൽ കേന്ദ്ര ഏജൻസികൾ നാളികേര വികസനത്തിനും, കയർ വികസനത്തിനുമായുള്ള വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് വന്നിരുന്നു. പ്രത്യേകിച്ച് 70 കളുടെ അവസാനഭാഗത്ത് കയർബോർഡ് കയർ മേഖലയിലെ യന്ത്രവൽക്കരണത്തിന് സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി തുടങ്ങിയിരുന്നു. ടി മേഖലയിൽ വലിയ പാരമ്പര്യം ഒന്നും തന്നെ അവകാശപ്പെടാൻ സാധിക്കാത്ത തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾ ഈ പദ്ധതികൾ ഉപയോഗിച്ച് ഒരു വലിയ വ്യവസായ ശൃംഖല



വികസിപ്പിച്ചെടുക്കുകയുണ്ടായി. ഇന്ന് കേന്ദ്ര ഏജൻസികളുടെ ഇടപെടൽ നിമിത്തം കയർ വ്യവസായം ആന്ധ്ര, മഹാരാഷ്ട്ര, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചുകഴിഞ്ഞു. ഈ സംസ്ഥാനങ്ങൾ കേരളത്തിലെ കയർ വ്യവസായത്തിന് ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. ഇതിനുള്ള പ്രധാന കാരണം യന്ത്രവൽക്കരണം മൂലം ഉണ്ടായിട്ടുള്ള ഉൽപ്പാദന വർദ്ധനവ് മാത്രമല്ല മറിച്ച് യന്ത്രവൽകൃത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ-യിൽ വന്ന വർദ്ധനവും പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് സംഭവിച്ച ഗുണമേന്മ തകർച്ച കൂടിയാണ് എന്നതാണ് വസ്തുത. ഈ ഗുണമേന്മ തകർച്ചയ്ക്കുള്ള കാരണങ്ങൾ ഒട്ടനവധിയുണ്ട്. അസംസ്കൃത വസ്തുക്കളുടെ ഗുണമേന്മ-ക്കുറവ്, പരിചയ സമ്പന്നരായ തൊഴിലാളികളുടെ ലഭ്യതക്കുറവ് തുടങ്ങിയ പലതുണ്ട് ഇതിനുള്ള കാരണങ്ങൾ എന്നത് വസ്തുതയാണ്. ഈ അവസ്ഥയിൽ ഇന്ന് കയർ വ്യവസായം കേരളത്തിൽ തുടർന്ന് പോകുന്നതിന് രണ്ട് കാരണങ്ങൾ ഉണ്ട്. അത് കേരള സർക്കാരും - സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളും നടത്തുന്ന ഇടപെടലുകളും തലമുറകളായി ആലപ്പുഴയിൽ നിലനിൽക്കുന്ന സ്വകാര്യ കയറ്റുമതി സ്ഥാപനങ്ങളുമാണ്. അല്ലാത്തപക്ഷം സ്വാഭാവികമായും വിലകുറഞ്ഞതും ഗുണമേന്മ-യുള്ളതുമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയുള്ള ഇടത്തേക്ക് ഏത് വ്യവസായവും മാറ്റി നടത്തപ്പെടും എന്നത് ഒരു സത്യമാണ്. പല കയറ്റുമതി സ്ഥാപനങ്ങളും ഇവ്വിധത്തിലുള്ള പ്രക്രിയകൾ ആരംഭിച്ചുകഴിഞ്ഞു.

ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ടാണ് കയർമേഖലയിൽ പതിറ്റാണ്ടുകളുടെ പരിചയ സമ്പത്ത് സായത്തമാക്കിയിട്ടുള്ള ബഹുമാന്യനായ ഡോ. ടി.എം.തോമസ് ഐസക് അവർകൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്ന രണ്ടാം കയർ പുനസംഘടനാ പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്രവും, നിയന്ത്രിതവുമായ യന്ത്രവൽക്കരണം സഹകരണ-സ്വകാര്യ-പൊതുമേഖലകളിൽ നടപ്പിൽ വരുത്തുന്നത്.

ഈ പദ്ധതിയിൽ 100 യന്ത്രവൽകൃത ചകിരി മില്ലുകൾ, 100 യന്ത്രവൽകൃത കയർപിരി യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ഇതിൽ ഏറിയ പങ്കും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ കയർ വ്യവസായം സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത്രയും സമഗ്രമായ ഒരു യന്ത്രവൽക്കരണ പദ്ധതി നടപ്പിലാക്കുന്നത് എന്നതാണ് വസ്തുത.

മുൻകാലങ്ങളിലുണ്ടായിരുന്ന റെറ്റഡ്, സെമി റെറ്റഡ് എന്നീ ചകിരികളുടെ ലഭ്യത ഇന്ന് ഏതാണ്ട് ഇല്ലാതായിരിക്കുകയാണ്. ഇതിന് പകരമായി പച്ചത്തൊണ്ടിൽ നിന്നും ആവശ്യമായ ചകിരി ഉൽപ്പാദിപ്പിക്കുന്നതിനായിട്ടാണ് യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിച്ചുവരുന്നത്. ഈ മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരി കയർഫെഡ് സംഭരിച്ച് കയർ - കയറുൽപ്പന്ന നിർമ്മാണ സംഘങ്ങൾക്ക് നൽകുകയാണ്. ഈ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറിന്റെയും - കയറുൽപ്പന്നങ്ങളുടേയും ഗുണമേന്മ വലിയ പരിധി വരെ ഈ ചകിരിയുടെ ഗുണമേന്മയെ ആശ്രയിച്ചിരിക്കുന്നു.

കയർഫെഡ് ചകിരിയെ അതിൽ അടങ്ങിയിട്ടുള്ള ലോംഗ്, മീഡിയം, ഷോർട്ട് ഫൈബർ, ഇംപ്യൂരിറ്റി, നിറം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിന് സംവിധാനം ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ മാനദണ്ഡപ്രകാരം പരിശോധിക്കുമ്പോൾ ഏറിയ പങ്കും യൂണിറ്റുകളുടേയും, ചകിരി പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഈയൊരു സാഹചര്യത്തിൽ ആനുപാതികമായ കിഴിവ് വരുത്തുവാൻ കയർഫെഡ് നിർബന്ധിതമാകും. എന്നാൽ ഇത് യൂണിറ്റിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇത് ഒഴിവാക്കാൻ ഉൽപ്പാദന യൂണിറ്റുകൾ ഗുണമേന്മ മാനദണ്ഡങ്ങൾ ശക്തമായി പാലിക്കേണ്ടതാണ്.

(ശേഷം 36-ാം പേജ്)

ആദ്യകാല കയർ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും പ്രതിപാദിക്കുന്ന
ഈ പംക്തിയിലേക്ക് ഇത്തരം
സംഘങ്ങളെക്കുറിച്ച് സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു.
(ചീഫ് എഡിറ്റർ)



# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

വി.എൻ.ശശികുമാർ

## കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ ഉത്ഭവവും വളർച്ചയും

**ക**മ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായിട്ടാണ് ഒന്നാം ഇ.എം.എസ് മന്ത്രിസഭയുടെ കാലത്ത് ആലപ്പുഴ കേന്ദ്രീകരിച്ച് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് മേഖലയിൽ തൊഴിലാളി സഹകരണസംഘങ്ങൾ ആരംഭിച്ചത്. വ്യവസായ മന്ത്രിയായിരുന്ന കെ.പി. ഗോപാലന്റെയും തൊഴിൽ മന്ത്രിയായിരുന്ന റ്റി.വി. തോമസിന്റെയും നേതൃത്വത്തിലാണ് ഈ പദ്ധതി കേരളത്തിൽ ആരംഭം കുറിച്ചത്.

വൈദേശികരും തദ്ദേശിയരുമായ കയർ വ്യവസായികൾ അന്നുവരെ നടത്തികൊണ്ടിരുന്ന കയർ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവർക്കു വിട്ടുനൽകിയാണ് കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചത്. ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ-241, കേരള കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 346 എന്നിവ സംസ്ഥാനത്ത് ആദ്യമായി പ്രവർത്തനം ആരംഭിച്ച പ്രധാനപ്പെട്ട മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങളാണ്.

സമുന്നത തൊഴിലാളി നേതാവും മുൻമുഖ്യമന്ത്രിയുമായ വി.എസ്.അച്യുതാനന്ദൻ തൊഴിലാളിയായിരുന്ന കയർ വ്യവസായ സ്ഥാപനമായിരുന്നു മോഡേൺ ഏജൻസീസ് എന്ന വൻകിട കയർ വ്യവസായ സ്ഥാപനം. മണിയൻ സ്വാമിയുടെ കമ്പനിയെന്നാണ് അക്കാലത്ത് ഇതറിയപ്പെട്ടിരുന്നത്. ഈ സ്ഥാപനമാണ് പിൽക്കാലത്ത് ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണസംഘം ക്ലിപ്തം 241 ആയി മാറിയത്. ഈ സംഘത്തിന്റെ രൂപീകരണ സമയത്ത്, പൂർണ്ണസമയ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനും സമുന്നതനായ ട്രേഡ് യൂണിയൻ നേതാവുമായി വി.എസ് മാറിക്കഴിഞ്ഞിരുന്നു.അതുകൊണ്ട് തന്നെ ഫാക്ടറി തൊഴിലിൽ നിന്നും അദ്ദേഹം പൂർണ്ണമായും മാറിനിൽക്കുകയുമായിരുന്നു. എങ്കിലും തൊഴിൽ മന്ത്രിയായിരുന്ന റ്റി.വി.തോമസിന്റെ ആസൂത്രണത്തിൽ പിറന്ന ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണസംഘത്തിന്റെ ആദ്യ ഭരണസമിതിയിൽ വി.എസും അംഗമായിരുന്നു.മോഡേൺ ഏജൻസിയുടെ മാനേജരായിരുന്ന സ്വാമി പത്മനാഭൻ എന്നറിയപ്പെടുന്ന പി. കെ.പത്മനാഭൻ ആയിരുന്നു സൊസൈറ്റിയുടെ ആദ്യ പ്രസിഡന്റ്. 1959 ജാനുവരി 17ന് കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടാണ് സംഘം ഉദ്ഘാടനം ചെയ്തത്. തൊഴിലാളികൾ തങ്ങളുടെ വേതനത്തിൽ നിന്നും തവണകളായി സ്വരൂപിച്ച 50/-രൂപയായിരുന്നു സൊസൈറ്റിയുടെ ഒരു ഓഹരിയുടെ മൂലധനം.

ആരംഭകാലത്തുതന്നെ 250 ലധികം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകാനും ആഭ്യന്തര വിപണിയോടൊപ്പം വിദേശവിപണിയിലും പിടിമുറുക്കാനും ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സിന് കഴിഞ്ഞിരുന്നു. സോഷ്യലിസ്റ്റ് റഷ്യയിൽ നിന്നും ആദ്യമായി നേരിട്ട് ഓർഡർ സ്വീകരിക്കാനും ആലപ്പുഴ തുറമുഖം വഴി കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്ത് അതിലൂടെ രാജ്യത്തിന് വിദേശനാണ്യം നേടിയെടുക്കുവാനും ഈ സംഘത്തിന് സാധിച്ചുവെന്നത് തന്നെ ഈ സംഘത്തിന്റെ ആദ്യകാല പ്രൗഢി വ്യക്തമാക്കുന്നു.മികച്ച ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും തൊഴിലാളികൾക്ക് പൂർണമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് ആദ്യം മുതൽ ശ്രദ്ധിച്ചിരുന്നു. തൊഴിലാളികളുടെ അർപ്പണ മനോഭാവവും പഴയ മോഡേൺ ഏജൻസീസിന്റെ മാനേജരും പുതിയ സഹകരണ സംഘത്തിന്റെ പ്രസിഡന്റും മാനേജരുമായ സ്വാമി പത്മനാഭന്റെ കച്ചവട നൈപുണ്യവും ഒത്തു ചേർന്ന




*ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണസംഘം ഏറ്റെടുത്ത് അവിടെ സർക്കാർ ആരംഭിച്ച കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ഫാക്ടറി കെട്ടിടം.*

പ്പോൾ സംഘം ഉത്തരോത്തരം പുരോഗതി നേടി.


കയർ ബോർഡ് രൂപീകരണത്തോടെ ഉത്പന്നങ്ങളുടെ ഗുണവും കയറ്റുമതി വിലയും നിശ്ചയിക്കുവാൻ കേന്ദ്രഗവൺമെന്റ ഇടപെട്ടു തുടങ്ങി.കേന്ദ്ര സർക്കാർ സ്വകാര്യ മുതലാളിമാരെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചതോടെ സൊസൈറ്റിയുടെ ഗുണമേന്മയുള്ള ഉത്പന്നങ്ങളുടെ കയറ്റുമതി സാരമായി ഇടിഞ്ഞു. ഈ മാറ്റം പൊതുവിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും തൊഴിലാളികൾക്ക് അർഹമായ വേതനവും ആനുകൂല്യങ്ങളും നൽകുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു. കാലാന്തരത്തിൽ സൊസൈറ്റിയുടെ പ്രവർത്തനം ക്ഷീണോൻമുഖമായി. നഷ്ടത്തിലേക്ക് കൂപ്പുകുത്തി. ജീവനക്കാരുടേയും തൊഴിലാളികളുടേയും ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് 2018 ജനുവരി 28 ന് കേരള സർക്കാർ സൊസൈറ്റി ഏറ്റെടുത്ത് ഇവിടെ ആധുനിക രീതിയിലുള്ള കെട്ടിടങ്ങളോടുകൂടി കയർ മേഖലയ്ക്കാവശ്യമായ മെഷിനറികൾ ഉത്പാദിപിക്കുന്ന സർക്കാർ വക മെഷീൻനിർമാണ ഫാക്ടറി ആരംഭിക്കുകയും അതിപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചു വരികയുമാണ്.

ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം പോലെ തന്നെ പ്രധാനപ്പെട്ടതും ഇന്നും നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ മറ്റൊരു സ്ഥാപനമാണ് കേരള കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ346.1926 ൽ തോമസ്സ് ഡിക്രൂസ് എന്ന വിദേശി ആലപ്പുഴയിൽ തുടങ്ങിവച്ച തോമസ് ഡിക്രൂസ് ആന്റ് കോ എന്ന കമ്പനിയാണ് പിന്നീട് വെസ്റ്റ് കോസ്റ്റ് സിൻഡിക്കേറ്റായും പിൽക്കാലത്ത് കേരള കയർ മാനുഫാക്ച്ചറിങ് കമ്പനിയായും ഒടുവിൽ ദി കേരള കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.346 ആയും മാറിയത്. വെസ്റ്റ് കോസ്റ്റ് സിൻഡിക്കേറ്റിൽ നിന്നും കമ്പിനി ഏറ്റെടുത്ത് കേരള കയർ മാനുഫാക്ച്ചറിങ് കമ്പനി എന്ന പേരിലാക്കിയത് ചിദംബരയ്യർ സ്വാമി എന്നയാളായിരുന്നു. ഇദ്ദേഹം മാനേജിംഗ്

**“ ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണസംഘം പോലെ തന്നെ പ്രധാനപ്പെട്ടതും ഇന്നും നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ മറ്റൊരു സ്ഥാപനമാണ് കേരള കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ346. 1926 ൽ തോമസ്സ് ഡിക്രൂസ് എന്ന വിദേശി ആലപ്പുഴയിൽ തുടങ്ങിവച്ച തോമസ് ഡിക്രൂസ് ആന്റ് കോ എന്ന കമ്പനിയാണ് പിന്നീട് വെസ്റ്റ് കോസ്റ്റ് സിൻഡിക്കേറ്റായും പിൽക്കാലത്ത് കേരള കയർ മാനുഫാക്ച്ചറിങ് കമ്പനിയായും ഒടുവിൽ ദി കേരള കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.346 ആയും മാറിയത്. ”**

ഡയറക്ടർ ആയി പ്രവർത്തിച്ചുവരികെ 1958-59 കാലഘട്ടത്തിൽ നഷ്ടം മൂലം കമ്പിനി അടച്ചുപൂട്ടലിന്റെ വക്കിലെത്തി.ഈ ഘട്ടത്തിലാണ് ചിദംബരയ്യർ സ്വാമി തന്നെ മുൻകൈ എടുത്ത് തൊഴിലാളികളെ ഉൾപ്പെടുത്തി കേരള കയർ മാനുഫാക്ച്ചറിങ് കമ്പനിയെ





ഇ.എം.എസ്



വി.എസ്. അച്യുതാനന്ദൻ



റ്റി.വി. തോമസ്



കെ.പി. ഗോപാലൻ



വി.കെ. ഗോപാലകൃഷ്ണൻ

'ദി കേരള കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.346' എന്ന പേരിൽ തൊഴിലാളി സഹകരണ സ്ഥാപനമാക്കിമാറ്റിയത്. 1961ലാണ് ഈ സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്.സംഘത്തിന്റെ ആദ്യകാല പ്രസിഡന്റായ ജി.ചിദംബരയ്യർ സ്വാമിയും, മാനേജരായ പി.എസ്.ശങ്കരനാരയണപിള്ളയും അവരുടെ സേവന കാലത്ത് ഈ സംഘത്തിന് നൽകിയിട്ടുള്ള സ്തുത്യർഹമായ സംഭാവനകൾ ഇന്നും സ്മരണീയമാണ്.ചിദംബരയ്യർ സ്വാമിക്ക് ശേഷം പി.വി.പ്രഭാകരനും തുടർന്ന് പി.കെ.വിജയനും, പ്രസിഡന്റ് ആയി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ വി.കെ.ഗോപാലകൃഷ്ണൻ പ്രസിഡന്റായി സേനവമനുഷ്ഠിച്ചുവരുന്നു. നിലവിൽ വിവിധയിനം മാറ്റിംഗ്സ്, ഫൈബർ മാറ്റ്സ്, കർണാട്ടിക്ക് മാറ്റ്സ്, ക്രിക്കറ്റ് മാറ്റിംഗ്സ് , കാർപ്പെറ്റ്സ് തുടങ്ങിയവ ഈ സ്ഥാപനത്തിൽ ഉത്പാദിപ്പിച്ചു വരുന്നു.ആന്ധ്രയിലെ വിശാഖപട്ടണം, വിജയവാഡ, രാജമുന്ദ്രി എന്നിവിടങ്ങളിലും കർണാടകയിലെ മംഗലാപുരത്തും, തമിഴ്നാട്ടിലെ ഈറോഡിലും ഉള്ള അഞ്ച് വിൽപ്പന ഡിപ്പോകളിലൂടെയും, സ്വകാര്യ വിൽപ്പന കേന്ദ്രങ്ങളിലൂടെയും, കയർ ബോർഡ്, കയർ കോർപ്പറേഷൻ എന്നിവയുടെ ഷോറൂമുകളിലൂടേയും, നേരിട്ട് ഓർഡറുകൾ ശേഖരിച്ചുമെല്ലാം ഭേദപ്പെട്ട രീതിയിൽ ഈ സ്ഥാപനം ഇപ്പോഴും നന്നായി പ്രവർത്തിച്ചു വരുന്നു.

തൊണ്ണൂറുകളുടെ ആദ്യം മുതൽ കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരുന്ന ആഗോളവൽക്കരണ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി കയർ ഉത്പന്നങ്ങൾക്ക് നൽകിയിരുന്ന 20% റിബേറ്റ് അടക്കമുള്ള സഹായങ്ങൾ പിൻവലിക്കുകയും കയർബോർഡ് വഴിയാതൊരു വിധ ആനുകൂല്യങ്ങളും നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കയർ വ്യവസായത്തിന് വലിയ പ്രതിസന്ധികൾ തരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ഇടതുപക്ഷ ഗവൺമെന്റുകൾ കേരളത്തിൽ അധികാരത്തിൽ വരുമ്പോഴെല്ലാം കൈയയച്ച് സഹായിച്ച് വ്യവസായത്തെ നിലനിർത്തിപോരുകയാണ്. പ്രൈസ് ഫ്ളെക്ചുവേഷൻ ഫണ്ട്, ഫൈബർ സബ്സിഡി, സൊസൈറ്റികൾക്ക് പ്രവർത്തന മൂലധനം അടക്കമുള്ള ആനുകൂല്യങ്ങളും സഹായങ്ങളും നൽകിക്കൊണ്ട് കേരള സർക്കാർ കയർ മേഖലയെയും പ്രത്യേകിച്ച് സഹകരണപ്രസ്ഥാനങ്ങളെയും സംരക്ഷിച്ചുവരുന്നു.

# സ്തുത്യർഹ സേവനത്തിനുശേഷം വിരമിച്ചവർ



## റ്റി.എൻ.ശ്യാം

കയർഫെഡ് ജനറൽ മാനേജരായിരുന്ന റ്റി.എൻ.ശ്യാം 27 വർഷത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിച്ചു.1993 മുതൽ കയർഫെഡിന്റെ മാർക്കറ്റിംഗ് ഡവലപ്മെന്റ് ഓഫീസർ, മാർക്കറ്റിംഗ് മാനേജർ, ജനറൽ മാനേജർ(പ്രോജക്ട്) എന്നീ തസ്തികയിൽ സേവനമനുഷ്ഠിച്ചു.

കയർഫെഡ് ആർ.സി.പി യൂണിറ്റ് വർക്ക്സ് മാനേജർ, ഫിനാൻസ് മാനേജർ, ഇൻഫർമേഷൻ ആഫീസർ, മാനേജിംഗ് ഡയറക്ടർ എന്നീ തസ്തികളുടെ അധിക ചുതലയും വഹിച്ചിട്ടുണ്ട്. സർക്കാർ ടെക്നിക്കൽ കമ്മറ്റി അംഗം, കയർ കേരള സബ്കമ്മറ്റി കൺവീനർ തുടങ്ങിയ ചുമതലകളും വിവിധ കാലങ്ങളിൽ വഹിച്ചു.



## കെ.രാജ്

കയർഫെഡ് ഇന്റേണൽ ആഡിറ്റ് ഓഫീസറും പെഴ്സണൽ മാനേജരുമായിരുന്ന കെ.രാജ് 26 വർഷത്തെ സേവനത്തിനു ശേഷം സർവ്വീസിൽ നിന്നും വിരമിച്ചു. 1994 മുതൽ കയർ ഫെഡിന്റെ ആന്തരിക പരിശോധനാവിഭാഗം മേധാവിയായും 2017 മുതൽ പെഴ്സണൽ മാനേജരുടെ അധിക ചുമതലയും വഹിച്ചു.



## ആർ. ബീന

ആർ. ബീന, ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ തസ്തികയിലാണ് വിരമിച്ചത്. ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവ് എൻ. രാമാനുജ പണിക്കരുടെ മകളും സർവ്വീസ് നിയമ വിദഗ്ധനും ഗ്രന്ഥകാരനുമായ കെ.ജി. ചന്ദ്രമോഹനന്റെ ഭാര്യയുമാണ്. കയർഫെഡിന്റെ കൊല്ലം റീജിയണൽ ആഫീസറുടെ ചുമതലയും വഹിച്ചിട്ടുണ്ട്.



## ബെന്നി പി കുര്യാക്കോസ്

ബെന്നി പി. കുര്യാക്കോസ് കയർഫെഡിന്റെ ആലപ്പുഴ മെത്ത ഫാക്ടറിയിലെ സൂപ്പർ വൈസർ തസ്തികയിലാണ് വിരമിച്ചത്.

ആലപ്പി കൊമേഴ്സ്യൽ ആന്റ് ഇൻഡസ്റ്റിയൽ സ്റ്റാഫ് അസോസിയേഷൻ(എ.ഐ.റ്റി.യു.സി) കയർഫെഡ് യൂണിറ്റ് നേതാവായിരുന്നു.



## പി.എസ്. ഹരികുമാർ

പി.എസ് ഹരികുമാർ കയർഫെഡിന്റെ ആലപ്പുഴ ഹെഡ് ആഫീസിൽ നിന്നാണ് വിരമിച്ചത്. ദീർഘകാലം കയർഫെഡ് എംപ്ലോയീസ് സഹകരണസംഘം ബോർഡ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്



## പി. ശ്രീലത

പി. ശ്രീലത കയർഫെഡിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നാണ് വിരമിച്ചത്. കയർ ഫെഡ് പ്രസിഡന്റിന്റെയും മാനേജിംഗ് ഡയറക്ടറുടെയും പി. എ എന്ന നിലയിലും സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളത്.



## കെ.വിക്രമൻ ആചാരി

കെ.വിക്രമൻ ആചാരി കയർ ഫെഡിന്റെ കണിച്ചുകുളങ്ങര പി.വി.സി.ടഫ്റ്റഡ് കയർ മാറ്റ് യൂണിറ്റിൽ നിന്ന് സൂപ്പർവൈസർ തസ്തികയിലാണ് വിരമിച്ചത്. കയർഫെഡ് എംപ്ലോയീസ് അസോസിയേഷൻ (സി.ഐ.റ്റി.യു) നേതാവായിരുന്നു

(13-ാം പേജ് തുടർച്ച)

## തദ്ദേശഭരണം

മൂന്നാംഗഡു വികസന ഫണ്ട് പൂർണ്ണമായും അനുവദിക്കും. ചെലവഴിച്ചു തീരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടുത്ത ഗഡു ലഭിക്കുന്നതിനു തടസമുണ്ടാവില്ല. കോവിഡ് പ്രതിരോധത്തിനായി ചെലവഴിക്കുന്ന പണം പ്ലാൻഫണ്ടിൽ അധികമായി ലഭ്യമാക്കും. അപേക്ഷകളുടെ തീർപ്പാക്കലിനും പരാതി പരിഹാരത്തിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം 100 ദിവസത്തിനുള്ളില് 150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യഘട്ടമായി നടപ്പാക്കും.

## റെഗുലേറ്ററിവകുപ്പുകൾ

15 പൊലീസ് സ്റ്റേഷനുകളും 15 സൈബർ പൊലീസ് സ്റ്റേഷനുകളും 6 എക്സൈസ് റെയ്ഞ്ച് ഓഫീസുകളും ഉദ്ഘാടനം ചെയ്യും. 10,000 ക്രയ സർട്ടിഫിക്കറ്റുകളും 20,000 പട്ടയങ്ങളും വിതരണം ചെയ്യും. 19 സ്മാർട്ട് വില്ലേജുകൾ ഉദ്ഘാടനം ചെയ്യപ്പെടും. റവന്യു രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കും. ട്രഷറിയുടെ ഫംഗ്ഷന് ഓഡിറ്റ് പൂർത്തീകരിച്ച് സോഫ്ട്‌വെയർ കുറ്റമറ്റതാക്കും.

## മറ്റുപരിപാടികൾ

വൻകിട പശ്ചാത്തല സൗകര്യ പദ്ധതികളുടെ ഭാഗമായ ഗെയിൽ പൈപ്പ്ലൈൻ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും. പ്രളയാഘാതശേഷി താങ്ങുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേയുടെ നിർമാണോദ്ഘാടനം നിർവഹിക്കും. ശംഖുമുഖം തീരദേശ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ഈ കാലയളവിൽ നടത്തും. 2021 ഫെബ്രുവരിക്കു മുമ്പായി പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

നമ്മുടെ സംസ്ഥാനത്തെ യുവാക്കൾക്ക് വിവിധ മേഖലകളിൽ നേതൃപാടവം കൈവരിക്കാൻ ആവശ്യമായ പരിശീലനം നൽകാൻ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് കോഴ്സുകൾ നടത്താൻ കേരള യൂത്ത് ലീഡർ ഷിപ്പ് അക്കാദമി ആരംഭിക്കും. ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭരണഘടന, നിയമം, പാർലമെന്ററി പരിചയം, ദുരന്തനിവാരണം എന്നിങ്ങനെയുള്ള മേഖലകളില് പ്രാവീണ്യമുള്ളവരെ പരിശീലകരായി ക്ഷണിക്കും.

100 ദിവസങ്ങൾകൊണ്ടുള്ള 100 പദ്ധതികളുടെ വിശദാംശങ്ങൾ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. കൊറോണക്കാലത്ത് കേരള സമൂഹവും സമ്പദ്ഘടനയും സ്തംഭിച്ചു നിന്നുകൂടാ. കൊറോണയെ പ്രതിരോധിക്കുന്നതിനൊപ്പം നമ്മുടെ വികസന നേട്ടങ്ങളെ സ്ഥായിയാക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യേണ്ടതുണ്ട്. ഇതിനാണ് സർക്കാർ പരിശ്രമിക്കുന്നത്.

2016ൽ തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്കു മുന്നിൽവെച്ച പ്രകടനപത്രികയിലെ ഓരോ കാര്യങ്ങളും അക്കമിട്ട് നടപ്പാക്കുക മാത്രമല്ല, പുതിയകാലത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങൾ തരണം ചെയ്യാനുള്ള പദ്ധതികൾ കൂടി ഏറ്റെടുക്കുകയാണ് സർക്കാർ. നൂറിന-നൂറുദിന പരിപാടിയുടെ പ്രവർത്തനം എല്ലാ തലത്തിലും വരും ദിവസങ്ങളിൽ അവലോകനം ചെയ്യും.

(31-ാം പേജ് തുടർച്ച)

ഇതിൽ ഒട്ടും ഭിന്നമല്ലാത്ത സ്ഥിതിവിശേഷമാണ് കയർ പിരി മേഖലയിലും നിലനിൽക്കുന്നത്. പരമ്പരാഗത കയർ രംഗത്ത് കയറിനങ്ങൾ അറിയപ്പെട്ടിരുന്നത് അവ ഉൽപ്പാദിപ്പിച്ചിരുന്ന മേഖലയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇതിനെല്ലാംതന്നെ വ്യക്തമായ ഗുണമേന്മാമാനദണ്ഡങ്ങളും ഉണ്ടായിരുന്നു എന്നത് എല്ലാവർക്കും അറിവുള്ളതാണ്. ഇതിന് ഉപയോഗിച്ചിരുന്ന മാനദണ്ഡങ്ങൾ ചകിരിയുടെ തരം, ഇഴ (ട്വിസ്റ്റ്), ഇഴ ചേർത്ത് പിരിക്കുന്ന (സ്പിൻ) എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരുന്നു. അങ്ങനെ പരമ്പരാഗത കയറിനങ്ങൾക്ക് എല്ലാം തന്നെ ടെക്നിക്കൽ പ്രോപ്പർറ്റീസ് നിർദ്ദേശിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന് അഞ്ചുതെങ്ങ് (Hard Twist - Hard Spun), മങ്ങാടൻ (medium twist - hard spun), ആറാട്ടുപുഴ (Soft twist - hard Spun), വൈക്കം (Soft twist - soft spun) എന്നാൽ കേരളത്തിൽ നടപ്പിലാക്കി വന്നിരുന്ന യന്ത്രവൽക്കരണത്തിന്റെ പലഘട്ടങ്ങളിലും ഇത് നഷ്ടപ്പെട്ടുപോയിട്ടുള്ളതാണ്. ഇത് കയറിന്റെ റണ്ണേജ്, സ്കോറേജ് എന്നിവയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇത് മൂലം ഇന്ന് 15% മുതൽ 60% വരെ ഡിസ്കൗണ്ട് നൽകിയാണ് അംഗസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ വിറ്റഴിച്ചുവരുന്നത്. ഇത് ഉൽപ്പന്നത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകതയ്ക്ക് അടിവരയിടുന്നതാണ്.

ഇന്ന് രണ്ടാം പുനസംഘടനയുടെ ഭാഗമായി എ.എസ്.എം യൂണിറ്റുകൾ സ്ഥാപിച്ചുവരികയാണ്. ഈ യന്ത്രങ്ങളുടെ ശരാശരി ഉൽപ്പാദനം 60-65 കിലോഗ്രാം/ഷിഫ്റ്റ് എന്നതാണ്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ വിപണി കണ്ടെത്തേണ്ടതുണ്ട്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ കയർ ഉപയോഗിക്കുന്നത് പി.വി.സി ടഫ്റ്റഡ് യൂണിറ്റുകളാണ്. എന്നാൽ ഇന്ന് ഒരു പി.വി.സി ടഫ്റ്റഡ് യൂണിറ്റും കേരളത്തി



ലെ കയർ ഉപയോഗിക്കുന്നില്ല എന്നതാണ് വസ്തുത. ഈ യൂണിറ്റുകൾ എല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കയറാണ് ഉപയോഗിക്കുന്നത്. ഇതിനുള്ള പ്രധാന കാരണം ഒരേ നിറത്തിലും, ഒരേ പിരിയിലുമുള്ള Soft twist - soft spun കയർ കേരളത്തിലെ സഹകരണ സംഘങ്ങൾക്ക് നൽകാൻ സാധിക്കുന്നില്ലയെന്നതാണ്. ഇത് സാധിക്കണമെങ്കിൽ തമിഴ്നാട്ടിലെ യൂണിറ്റിൽ കയർ പിരിക്കുന്ന രീതിയിൽ ചകിരി വെള്ളം തളിച്ച് മാത്രം പിരിക്കുന്ന രീതി നാം അവലംബിക്കേണ്ടിവരും. കൂടാതെ എ.എസ്.എം യൂണിറ്റുകൾ ആയതിന് പര്യാപ്തമായ രീതിയിൽ ക്രമീകരിക്കേണ്ടിവരും. ഇത് സാധ്യമാകുന്നപക്ഷം വലിയ ഒരു വിപണന സാധ്യതയാണ് തുറന്നിടുന്നത്. കയർ പിരി യൂണിറ്റുകൾ ഈ മാറ്റങ്ങൾക്ക് തയ്യാറായാൽ മാത്രമെ ഇത് സാധ്യമാവുകയുള്ളു.

സർക്കാർ സഹായത്തിന് മാത്രം നിലനിൽക്കുന്ന ഒരു പരമ്പരാഗത വ്യവസായം എന്ന അവസ്ഥയിൽ നിന്നും മാറി സ്വയം പര്യാപ്തവും, സ്വതന്ത്രവുമായ ഒരു വ്യവസായമായി മാറുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് മാറ്റങ്ങളെ ഉൾക്കൊള്ളുവാനും ആയത് പ്രാവർത്തികമാക്കുവാനും കേരളത്തിലെ കയർമേഖല സജ്ജമാക്കേണ്ടതാണ്. ഇതിനുള്ള ഭൗതീകസാഹചര്യം ഒരുങ്ങിക്കഴിഞ്ഞു.









## കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ ലഭിച്ചു

കയർ സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 3000 രൂപ പെൻഷൻ നല്കുന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 75 വയസ്സ് കഴിഞ്ഞ ചിറയിൻകീഴ് പ്രോജക്ടിലെ കെടാകുളം സംഘത്തിലെ വിരമിച്ച ശ്രീ.ജനാർദ്ദനന് പെൻഷൻ ബുക്ക് നല്കിക്കൊണ്ട് ബഹു. ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം തോമസ് ഐസക് അവർകൾ നിർവ്വഹിച്ചു. ബഹു. അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ശ്രീ .ആനത്തലവട്ടം ആനന്ദൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്പെഷ്യൽ സെക്രട്ടറി (കയർ) ശ്രീ. എൻ. പത്മകുമാർ ഐ.എ.എസ് പങ്കെടുത്തു..

## കയർ വ്യവസായം പഴയ ലക്കം നൽകുന്നവർക്ക് വാർഷിക വരിസംഖ്യ തികച്ചും സൗജന്യം

**ക**യർഫെഡിന്റെ മുഖമാസികയായ 'കയർവ്യവസായം'1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്ക് മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഒരു ഭാഗ്യസമ്മാനം ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായത്തിന്റെ പഴയ ലക്കം നൽകുന്നവർക്ക് കയർവ്യവസായം മാസികയുടെ ഒരു വർഷത്തേയ്ക്കുള്ള വരിസംഖ്യ തികച്ചും സൗജന്യമായി ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ**
**കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616**
**ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29





*പുനപ്രസിദ്ധീകരിച്ച 'കയർ വ്യവസായം' മാസികയുടെ ആദ്യ പ്രതി കയർഫെഡ് ചെയർമാനും 'കയർ വ്യവസായം' മാസികയുടെ ചീഫ് എഡിറ്ററുമായ അഡ്വ. എൻ. സായി കുമാറിന് നൽകി ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പ്രകാശനം ചെയ്യുന്നു*

**പു**നഃപ്രസിദ്ധീകരിച്ച 'കയർ വ്യവസായം' മാസികയുടെ പ്രകാശന കർമ്മം ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിച്ചു. ആഗസ്ത്-27 ന് ബഹു. കയർ വകുപ്പ് മന്ത്രിയുടെ സെക്രട്ടേറിയറ്റിലെ ഓഫീസിൽ വച്ച് കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് നടന്ന ലളിതമായ ചടങ്ങിൽ കയർഫെഡ് ചെയർമാനും 'കയർ വ്യവസായം' മാസികയുടെ ചീഫ് എഡിറ്ററുമായ അഡ്വ.എൻ. സായികുമാറിന് ആദ്യ പ്രതി നൽകിയാണ് മന്ത്രി പ്രകാശനകർമ്മം നിർവഹിച്ചത്.

ഏകദേശം കാൽനൂറ്റാണ്ടു മുമ്പ് ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റായിരുന്നപ്പോൾ അദ്ദേഹം മുഖ്യപത്രാധിപരായാണ് 'കയർ വ്യവസായം' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്. എന്നാൽ ഒരു പ്രത്യേക കാലഘട്ടത്തിൽ ഈ മാസികയുടെ പ്രസിദ്ധീകരണം നിലച്ചുപോകുകയായിരുന്നു. കഴിഞ്ഞ വർഷത്തെ 'കയർകേരള'യോടനുബന്ധിച്ചാണ് മാസികയുടെ പുനരുജ്ജീവനത്തിന് ശ്രമമാരംഭിച്ചത്. മേളയോടനുബന്ധിച്ച് എല്ലാദിവസവും 'കയർ വ്യവസായം' എന്ന പേരിൽ ഒരു സപ്ലിമെന്റ് പുറത്തിറക്കിയിരുന്നു.

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ ടി.എം. തോമസ് ഐസക് മുൻ കൈയെടുത്ത് നടപ്പാക്കിയ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി അവസാനഘട്ടത്തിലേക്ക് കടക്കുന്ന സന്ദർഭത്തിലാണ് മാസികയുടെ പുനപ്രസിദ്ധീകരണം സാധ്യമാക്കാൻ കഴിഞ്ഞത്.

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 23-09-2020, September 2020





കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!

**Dealership Enquiries Invited : +91 8281009840**

കയറുൽപ്പന്നങ്ങൾക്ക് **20%** പ്രത്യേക ഡിസ്കൗണ്ട്. **GST Extra**




Cocofert Mattings Tiles Mats Briquette Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha** : 8281009856 | **Chalakkudy** : 8281009859 | **Chengannur** : 8281009854 | **Ernakulam** : 8281009858 | **Kannur** : 8281009864 | **Kayamkulam** : 8281009850 | **Kollam** : 8281009849 | **Kottayam** : 8281009857 | **Kozhikode** : 8281009863 | **Malappuram** : 8281009862 **Mavelikkara:** 8281009852 | **Nangiyarkulangara** : 8281009853 | **Narmada (Tvm)** : 8281009845 | **Parippally** : 8281009848 | **Palakkad** : 8281009826 | **Sulthan Batherry** : 8281009865 **Thrissur** : 8281009860 | **Tirur** : 8281009861 | **Trida (Tvm)** : 8281009846 | **Ananthapuri (Tvm):** 8281009847 | **Pathanamthitta** : 8281009873 | **Sreekaryam (Tvm)** : 9349109251

ഈ ഡിസ്കൗണ്ട് കൂപ്പണുമയി തൊട്ടടുത്ത കയർഫെഡ് ഷോറൂം സന്ദർശിക്കുക!
*ഈ ഓഫർ സെപ്റ്റംബർ 30 വരെ മാത്രം

Name : .................................... Phone : ..................................................

Address :..........................................................................................................


Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705